**അടിയന്തരപ്രമേയം**

വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച

മി. സ്പീക്കർ: വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുനരധിവാസം ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായും അതുമൂലം തീരദേശ ജനത ദുരിതങ്ങൾ അനുഭവിക്കുന്നതായും പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലവും ഭൂമിയും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസത്തോടൊപ്പംതന്നെ വിദ്യാഭ്യാസ ഉന്നമനത്തിനായി ഒന്നാം

പിണറായി സർക്കാരിന്റെ കാലംമുതൽതന്നെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 11-11-2015-ാം തീയതി ഉത്തരവിലെ ജീവനോപാധിയിൽ പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.36 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിഗണിക്കുകയും ഇതിൽ 3.75 കോടി രൂപയുടെ കൃത്രിമപാര് നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പകൽവീട് പദ്ധതി നടപ്പാക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള കരിയർ ഗൈഡൻസ്, സ്ത്രീ ശാക്തീകരണം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക, ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നീ പദ്ധതികൾ ഇതര സർക്കാർ പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 'പുനർഗേഹം' പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനും ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി വാങ്ങി

ഭവനം നിർമ്മിക്കാനും കഴിയും. ഇതിനായി പത്തുലക്ഷം രൂപ ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ പദ്ധതിപ്രകാരം 2700 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിർബന്ധമായി ആരെയും മാറ്റി താമസിപ്പിക്കാൻ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടില്ല. പുനർഗേഹം പദ്ധതിപ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം അവരിൽത്തന്നെ നിക്ഷിപ്തമാണ്. കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സ്ഥലത്ത് 192 ഫ്ലാറ്റുകൾക്കുള്ള നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റും, ബീമാപള്ളിയിൽ 20 ഫ്ലാറ്റും, കാരോട് 128 ഫ്ലാറ്റുകളും ഇതിനോടകം കൈമാറിയിട്ടുണ്ട്. കൂടുതൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17.43 ഏക്കർ ഭൂമിയിൽനിന്നും

സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, തുറമുഖവകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി എന്നിവർ അടങ്ങുന്ന സമിതി മൂന്നുതവണ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ 8 ഏക്കർ ഭൂമി ഇതിനുവേണ്ടി നീക്കിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കടലാക്രമണത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാടക വീടെടുത്ത് മാറിത്താമസിക്കുന്നതിനാവശ്യമായ വാടക നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും 143 കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം ധനസഹായം റവന്യൂ വകുപ്പ് മുഖേന അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000/- രൂപ മത്സ്യബോർഡ് മുഖേന അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിടയായ വിഭാഗത്തിന്റെ സമാശ്വാസ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചു. പൂർണ്ണമായും

വീടുനഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000/- രൂപ വീതം ജില്ലാ കളക്ടർ മുഖേന വീട്ടുവാടക നൽകി. ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ഇതിൽ 9 പേർ അവർ താമസിക്കുന്ന സ്ഥലത്തുനിന്നും മാറിത്താമസിക്കാൻ താല്പര്യമില്ലെന്ന് അറിയിക്കുകയും 9 പേർ ആനുകൂല്യം ആവശ്യമില്ലെന്നറിയിക്കുകയും 14 പേർക്ക് മുൻവർഷങ്ങളിലെ വിവിധ പദ്ധതികളിൽ ധനസഹായം ലഭിച്ചവരുമാണ്. മാറിത്താമസിക്കുവാൻ തയ്യാറായ 22 പേരും ഭൂമി കണ്ടെത്തി ഭവനനിർമ്മാണം പൂർത്തീകരിച്ചു. 5 പേർക്കും മുട്ടത്തറയിലും 13 പേർക്ക് ബീമാപള്ളിയിലും ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീടില്ലാത്ത 6 കുടുംബങ്ങൾക്കുമായി ആകെ 38 കുടുംബങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 26 പേർ ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തിവരുന്നു. ഭവനം അനുവദിച്ച 6 പേരിൽ 2 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് വിവിധ സർക്കാർ പദ്ധതിയിൽ ധനസഹായം ലഭിച്ചിട്ടുണ്ട്. ഭാഗികമായി വീട്

നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് റിപ്പയറിംഗ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴുഘട്ടങ്ങളിലായി 7.37 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചുനൽകി. ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 2037 വരെ അർഹമായ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനായി 13.92 കോടി രൂപ നീക്കിവച്ചു. കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ജാക്കറ്റുകൾ സൗജന്യമായി അനുവദിച്ചു. മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി കടൽസുരക്ഷാ സ്ക്വാഡിന് രൂപം നൽകുകയും 719 മത്സ്യത്തൊഴിലാളികൾ ഇതിനകം പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എഫ്.ആർ.പി. യാനങ്ങൾ, എഞ്ചിൻ, വല, സുരക്ഷാ ഉപകരണങ്ങൾ എന്നിവയുൾപ്പെടെ 120 യൂണിറ്റ് അനുവദിച്ചു. 40 വയസ്സിനുതാഴെ പ്രായമുള്ള 42 പേർക്ക് മത്സ്യഫെഡ് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. വിഴിഞ്ഞത്ത് നാലുകോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചുവരുന്ന ഫിഷ് പ്രോസസ്സിംഗ് സെന്റർ, സീ ഫുഡ്

റെസ്റ്റോറന്റ് എന്നിവയിൽ 20 പേർക്ക് തൊഴിൽ ലഭിക്കും. 18.06 കോടി രൂപ ചെലവഴിച്ച് കടൽ സുരക്ഷാ പ്രവർത്തനത്തിന് 3 മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കി. 2020-21-ലെ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നിവകാരണം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF/CMDRF ഫണ്ടുകളിൽനിന്നും 36.12 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. **207104** പേർക്ക് പ്രസ്തുത സാമ്പത്തിക സഹായം കിട്ടിയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയതിനാൽ ആറുദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1200 രൂപ വീതം കടലോരത്തെ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡിനെത്തുടർന്ന് ജോലിക്കുപോകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് ഇരുപതിനങ്ങൾപെട്ട ഭക്ഷ്യക്കിറ്റ് റേഷൻ കടകൾ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. 122377 കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമായിയെന്ന്

ഉറപ്പുവരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് രജിസ്റ്റർ ചെയ്തിരിക്കുന്ന 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2020-21 സെപ്തംബർ മാസത്തിൽ കനത്തമഴയുണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പ് കാരണം ആശ്വാസമായി 47.84 കോടി രൂപ കടലോര മത്സ്യ/അനുബന്ധതൊഴിലാളികൾക്ക് അനുവദിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യബന്ധനത്തിന് കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 19-08-2022-ന് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഫിഷറീസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ട് നിർമ്മിക്കുന്നതുമൂലം വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽനിന്നും മത്സ്യബന്ധനത്തിനുപോകുന്ന യാനങ്ങൾക്ക് ചുറ്റിവളഞ്ഞ് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നത് പരിഗണിച്ച് രണ്ടുവർഷക്കാലയളവിൽ സൗജന്യ മണ്ണെണ്ണ അനുവദിക്കുകയും ആയത് പൂർണ്ണമായും നൽകുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണം

പൂർത്തീകരിക്കുന്നതുവരെ മണ്ണെണ്ണ വിതരണം നടത്തുന്നതിന് 22-10-2020-ൽ ചേർന്ന ഉപജീവന ആഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി തീരുമാനിക്കുകയും വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലെ രജിസ്റ്റർ ചെയ്തിട്ടുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച യാനങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 30-04-2022-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുമുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ വലിയ രീതിയിൽ ബാധിക്കുകയും അവർക്ക് താങ്ങാവുന്നതിലും അധികമാണ്. നിലവിൽ പൊതുവിപണിയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 116.50 രൂപയും സിവിൽ സപ്ലൈസ് വകുപ്പുവഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 86.78 രൂപയുമാണ് വില. ഡീസലിന് 96.52 രൂപയും പെട്രോളിന് 107.44 രൂപയുമുള്ളപ്പോഴാണ് മണ്ണെണ്ണയുടെ വില ഇത്രയും ഉയർന്നുനിൽക്കുന്നത്. ഇത്തരമൊരു സാഹചര്യം മുൻപുണ്ടായിട്ടില്ല. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വിലവർദ്ധനവ് പരമ്പരാഗത മത്സ്യമേഖലയുടെ

തകർച്ചയ്ക്ക് കാരണമാകും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയ അവകാശം എണ്ണക്കമ്പനികൾക്ക് നൽകിയതാണ് ഇതിനുമുഖ്യകാരണം. വിലവർദ്ധനവ് കാരണം ദുരിതത്തിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് നിലവിൽ മത്സ്യഫെഡ് മുഖേന ഒരുലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. പത്തുവർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ് സബ്സിഡി നൽകുന്നത്. പരമ്പരാഗത തൊഴിലെന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്നനിലയിലും പരിഗണന നൽകിയും പരമ്പരാഗര മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഈ മാസം 17, 18 തീയതികളിൽ കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തി നിവേദനം നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുന്ന കട്ടമര തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ച 57 കട്ടമര തൊഴിലാളികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് സത്വര

നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനുപുറമേ 20-10-2021, 03-11-2021 തീയതികളിൽ നടന്ന 189 പേരുടെ രേഖാ പരിശോധനയിൽ കൂടുതൽ തെളിവുകൾ ആവശ്യമായതിനാൽ ആയത് ലഭ്യമാക്കി ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്നും അറിയിച്ചിട്ടുണ്ട്. ആഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ നൂതന പദ്ധതി എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ്. പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി 04-07-2018-ൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് പദ്ധതിയുടെ നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. പൂന്തുറ പ്രദേശത്ത് 70000 മീറ്ററിൽ പൈലറ്റ് വ്യവസ്ഥയിൽ പദ്ധതി നടപ്പാക്കുന്നതിന് 19.97 കോടി രൂപയുടെ അംഗീകാരവും ലഭിച്ചു. എല്ലാ അനുമതിയും ലഭ്യമാക്കി ഫെബ്രുവരി മാസം ഈ പദ്ധതി പൂർണ്ണമായ തോതിൽ ആരംഭിച്ചു. 700 മീറ്ററിലാണ് ഈ

പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ 100 മീറ്ററിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പൈലറ്റ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഫലപ്രാപ്തി പരിശോധിച്ച് ഉറപ്പാക്കി മറ്റുസ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നത്. നിലവിലുള്ള ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഇൻഷുറൻസ് പരിരക്ഷ 5 ലക്ഷത്തിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യ/അനുബന്ധ തൊഴിലാളി അംഗത്വത്തിനുള്ള അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. തീരാരോഗ്യം പദ്ധതി നടപ്പിലാക്കി. വിദ്യാതീരം പദ്ധതി മുഖേന എം.ബി.ബി.എസ്.-ന് 54 പേർക്ക് അഡ്മിഷൻ ലഭിച്ചു. കടലാക്രമണത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി രാജ്യത്ത് ആദ്യമായാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തി.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യ വില്പന തൊഴിലാളികൾക്ക് യാത്ര ഒരുക്കുന്നതിനായി സമുദ്ര ബസ് സർവീസ് ആരംഭിച്ചു. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരദേശ നൈപുണ്യ പദ്ധതി നടപ്പിലാക്കി. സമ്പാദ്യസമാശ്വാസ പദ്ധതി ആനുകൂല്യം 2700 രൂപയിൽനിന്നും 4500 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ്, ബാങ്കിംഗ്, പി.എസ്.സി. കോച്ചിംഗ് പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്തു പഠിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആരംഭിച്ചു. തീരദേശ വനിതകൾക്കായി സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.

മി. സ്പീക്കർ: യെസ്... ചുരുക്കണം...ചുരുക്കണം...

ശ്രീ. വി. അബ്ദുറഹിമാൻ: മത്സ്യ വില്പനയിൽ ഏർപ്പെടുന്നവനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംഘടിപ്പിച്ചു. മറൈൻ ആംബുലൻസുകൾ നടപ്പിലാക്കി. പുതുതായി നാലു ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ചു. തീരദേശ ജനതയുടെ സാക്ഷരത ഉയർത്തുന്നതിന്

അക്ഷരസാഗരം പദ്ധതി നടപ്പിലാക്കി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചുരുക്കണം. ബാക്കി പിന്നീടാകാം.

ശ്രീ. വി. അബ്ദുറഹിമാൻ: രണ്ട് കാര്യങ്ങൾ കൂടി. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മുട്ടത്തറയിലും ബീമാപ്പള്ളിയിലും പൊന്നാനിയിലും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഇ-ഗ്രാന്റ് സോഫ്റ്റ്‌വെയർ സംവിധാനം ഉറപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃത്യമായും സുതാര്യമായും തുക ലഭ്യമാകുമെന്ന് ഉറപ്പുവരുത്തി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട നോട്ടീസിൽ പറഞ്ഞിരിക്കുന്ന മുഴുവൻ കാര്യങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകൾ കേട്ടപ്പോൾ തോന്നുന്നത് എല്ലാ മത്സ്യത്തൊഴിലാളികളും

സംതൃപ്തരാണെന്നാണ്. അവരുടെ സംതൃപ്തി കാണണമെങ്കിൽ ആ സമര രംഗത്തേക്ക് പോകണം. പരിപൂർണ്ണമായും സംതൃപ്തി. ജീവൽ പ്രശ്നങ്ങളുമായി സമരത്തിലിരിക്കുന്ന മത്സ്യത്തൊഴിലാളികളെ ബഹുമാനപ്പെട്ട മന്ത്രി ഈ നിലയിൽ കളിയാക്കാൻ പാടില്ലായിരുന്നു. കടൽപോലെ പ്രക്ഷുബ്ധമാണ് മത്സ്യത്തൊഴിലാളികളുടെ മനസ്. കടലോളം സങ്കടങ്ങളുടെ ആഴക്കയത്തിലാണ് തീരദേശ ജനത. തുടർച്ചയായ കാലാവസ്ഥ മുന്നറിയിപ്പുകൾ, ട്രോളിങ്ങ് ബാൻ, മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും കാരണം വർഷത്തിൽ 100 ദിവസം പോലും ജോലിക്ക് പോകാൻ കഴിയാത്തവർ... വീടും സ്ഥലവും കടലെടുത്ത് അപ്രത്യക്ഷമായിപ്പോകുകയാണ്. ജീവിതം തന്നെ തീരദേശത്തുനിന്നും തുടച്ചുമാറ്റപ്പെടുകയാണ്. ജീവന് യാതൊരു ഉറപ്പുമില്ലെന്നറിഞ്ഞിട്ടും കുടുംബ പ്രാരാബ്ധത്തിന്റെ തോണിയുമായി കടലിലേക്ക് ജീവൻ കയ്യിൽപ്പിടിച്ചുകൊണ്ട് സാഹസിക യാത്ര നടത്തുന്ന മത്സ്യത്തൊഴിലാളി സമൂഹം സമാനതകളില്ലാത്ത വലിയൊരു സമൂഹമാണ്. അവരോട് ഈ നിലയിലുള്ള സമീപനമല്ല ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കേണ്ടിയിരുന്നത്. ഇതുപോലെയുള്ള അരക്ഷിതമായ

സാഹചര്യത്തിലല്ലേ അവർ ജീവിക്കുന്നത്. നാട്ടിൽ പ്രളയമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് തങ്ങളുടെ യാനങ്ങളുമായി അൻപതിനായിരത്തിലധികം ആളുകളെ രക്ഷപ്പെടുത്തിയ മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് അദ്ദേഹം വാഴ്ത്തിയിരുന്നു. വേദന കടിച്ചമർത്തി സ്ത്രീകളും കുട്ടികളും മാസങ്ങളായി സമര രംഗത്ത് നിൽക്കുമ്പോൾ അവർക്കൊരു ആശ്വാസവാക്കെങ്കിലും അദ്ദേഹം പറയണമായിരുന്നു. ഒരാശ്വാസമുള്ളത് സമരം ചെയ്യുന്നവർക്കെതിരെ KAAPA ചുമത്തിയില്ലെന്നതുമാത്രമാണ്. നഗരത്തിലെ കാറ്റും വെളിച്ചവും കടക്കാത്ത ഒരു സിമന്റ് ഗോഡൗണിൽ.... സിമിന്റ് ഗോഡൗണുകളിൽ കാറ്റും വെളിച്ചവും കടക്കാനുള്ള എല്ലാ സാദ്ധ്യതകളും അവർ അടയ്ക്കും. കാരണം കാറ്റ് കയറിയാൽ സിമന്റ് കട്ടപിടിച്ചുപോകും. അങ്ങനെയുള്ള കാറ്റും വെളിച്ചവും കടക്കാത്ത സിമന്റ് ഗോഡൗണിൽ 250-ഓളം കുടുംബങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി കിടക്കുകയാണ്. മനുഷ്യർക്ക് അന്തസ്സുള്ളൊരു ജീവിതം ഉറപ്പു വരുത്തേണ്ടത് പരിഷ്കൃത സമൂഹത്തിന്റെയും ഭരണകൂടങ്ങളുടെയും ബാധ്യതയും ഉത്തരവാദിത്വവുമാണ്. ഒരു മുറിപോലുമില്ലാതെ കാൽ നിവർത്താനുള്ള സ്ഥലം പോലുമില്ലാതെ ആ

ഗോഡൗണിൽ നാലും അഞ്ചും കുടുംബങ്ങൾ ഞെങ്ങി ഞെരുങ്ങി കഴിയുകയാണ്. എല്ലാ മനുഷ്യാവകാശങ്ങളുടെയും ശവപ്പറമ്പായി ആ ഗോഡൗൺ മാറിയിരിക്കുകയാണ്. പ്രായപൂർത്തിയായ മക്കൾക്ക് സ്വകാര്യത നൽകാൻ കഴിയാത്ത അമ്മമാരുടെ സങ്കടങ്ങൾ നമ്മൾ കാണണ്ടേ? ഇത്രയും കാലമായി അവർക്കൊരു പുനരധിവാസം നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോവിഡ്-19 കാലത്ത് സാമൂഹിക അകലം പാലിക്കണമെന്ന് നമ്മൾ അഭ്യർത്ഥിക്കാറും ആവശ്യപ്പെടാറുമുണ്ട്. പക്ഷേ, ആ ഗോഡൗണിൽ എന്ത് സാമൂഹ്യ അകലമാണ് അവർ പാലിക്കേണ്ടത്. കോവിഡ്-19 കാലം മുഴുവൻ അവർ അവിടെ ജീവിച്ചുതീർത്തവരാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ ഗോഡൗണിലേക്ക് പോയി കണ്ട് കണ്ണുനിറഞ്ഞാണ് അദ്ദേഹം മടങ്ങിയത്. ഈ നിയമസഭയിൽ വന്ന് അവരെ പുനരധിവസിപ്പിക്കണമെന്നും നിങ്ങൾ അവരെ അവിടെ പോയി കാണണമെന്നും പറഞ്ഞ് തൊഴുകൈകളോടെ അദ്ദേഹം നിങ്ങളോട് യാചിച്ചു. അങ്ങനെ പറഞ്ഞതിനുശേഷം ഏതെങ്കിലുമൊരു മന്ത്രി അവരെ അവിടെപ്പോയി സന്ദർശിച്ചിട്ടുണ്ടോ? ഈ നിലയിലാണ് അവരെ പരിഗണിക്കുന്നത്. 41 ലക്ഷത്തിന്റെ കാലിത്തൊഴുത്ത് നിർമ്മിക്കുന്ന

തിരക്കിനിടയിൽ ഈ പാവങ്ങളുടെ സങ്കടങ്ങൾ കാണാതെ പോകരുത്. ഒരു ദുർബല ജനവിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി രൂപീകരിക്കപ്പെട്ട ഭവന നിർമ്മാണ പദ്ധതി ലൈഫിന്റെ പേരിൽ ഇല്ലാതാക്കി. ലൈഫിന്റെ മാനദണ്ഡങ്ങൾ പലപ്പോഴും മത്സ്യത്തൊഴിലാളികൾക്ക് ചേരുന്നതല്ല. പട്ടയമില്ലാതെ ജീവിക്കുന്നവരാണ്. ലൈഫ് ഭവന പദ്ധതിയിൽ പട്ടയമുള്ള ഭൂമിയിൽ മാത്രമേ വീട് നൽകുകയുള്ളൂ. ഫിഷറീസ് നടപ്പിലാക്കിക്കൊണ്ടിരുന്ന ഭവന പദ്ധതിയിൽ കൈവശ രേഖയുണ്ടെങ്കിൽ അവർക്ക് വീട് അനുവദിക്കുമായിരുന്നു. അതുകൊണ്ട് പലർക്കും വീട് ലഭിക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി ആ ഭവന നിർമ്മാണ പദ്ധതി കൊണ്ടുവരണം. 2016-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഭവനപുനരുദ്ധാരണത്തിന് ആർക്കും സാമ്പത്തിക സഹായം നൽകിയിട്ടില്ല, ശുചിമുറികൾ നൽകിയിട്ടില്ല. മണ്ണെണ്ണയുടെ കാര്യമിവിടെ സൂചിപ്പിച്ചു. മണ്ണെണ്ണയ്ക്ക് ലിറ്ററിന് 46 രൂപയുണ്ടായിരുന്ന സമയത്താണ് ഈ തുക മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്ന വിലയല്ലെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 25 രൂപ

സബ്സിഡി അനുവദിച്ചത്. ഇന്നത് ലിറ്ററിന് 116 രൂപ ആയിട്ടും സബ്സിഡിയിൽ ഒരു രൂപ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രം വർദ്ധിപ്പിക്കുന്നതിനെതിരെ നമുക്ക് സമരം ചെയ്യാം പക്ഷേ, നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടേ? പഞ്ഞമാസ സമാശ്വാസ പദ്ധതി - ഓരോ മത്സ്യത്തൊഴിലാളിയും 1500 രൂപ വീതം നിക്ഷേപിക്കുമ്പോൾ 4500 രൂപ മൂന്ന് ഗഡുക്കളായി നൽകും. മത്സ്യത്തൊഴിലാളി നൽകിയ തുകയല്ലാതെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഒരു തുകയും നാളിതുവരെ അവർക്ക് നൽകിയിട്ടില്ല. പഞ്ഞമാസത്തിലല്ലേ നൽകേണ്ടത്. പുനർഗേഹം പദ്ധതിയെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. പുനർഗേഹം പദ്ധതി വീടില്ലാത്തവർക്ക് വീട് കൊടുക്കുന്ന പദ്ധതിയല്ല. വീടുള്ള അഞ്ചും, പത്തും, പതിനഞ്ചും സെന്റുമുള്ള സ്ഥലങ്ങളിൽ നല്ലവീടുകൾ വച്ച് താമസിക്കുന്ന ആളുകളെ മാറ്റിപാർപ്പിക്കുകയാണ്. പത്ത് ലക്ഷം നൽകുന്നു. അത് ഇരട്ടിയെങ്കിലുമാക്കാതെ അവർക്ക് മാറി താമസിക്കാൻ കഴിയുമോ? അല്ലെങ്കിൽ അവർ ഉപേക്ഷിച്ചുപോകുന്ന ഭൂമിയുടേയും ഭവനത്തിന്റെയും തത്തുല്യമായ തുകയെങ്കിലും അവർക്ക് നൽകേണ്ടതല്ലേ? വിഴിഞ്ഞത്തും,

അടിമലത്തുറയും, കരിങ്കുളത്തും ഒരു മഴപെയ്താൽ വെള്ളക്കെട്ടുണ്ടാകും. മാസങ്ങൾ കഴിഞ്ഞാലും ആ വെള്ളം അവിടെനിന്നും വറ്റിപ്പോകാറില്ല. അവിടത്തെ ശൂചിമുറികളെല്ലാം നിറഞ്ഞ് മനുഷ്യവാസയോഗ്യമല്ലാതെ മാറുന്നൊരു സാഹചര്യമുണ്ട്. ഇത്രയും കാലമായി ഇത് അഡ്രസ് ചെയ്യാൻ സർക്കാറിന് സാധിച്ചിട്ടുണ്ടോ? എല്ലാ നടപടിയും പൂർത്തിയായ മത്സ്യത്തൊഴിലാളികളുടെ പട്ടയങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സർക്കാറിന്റെ കയ്യിൽ നിൽക്കുന്നു, എത്ര വർഷങ്ങളായി. ആ പട്ടയങ്ങൾ നൽകാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? ഈ വർഷം എട്ട് മാസം പോലും പൂർത്തിയായിട്ടില്ല. ഇതിനിടെ കാലാവസ്ഥ മുന്നറിയിപ്പ് മൂലം 46 ദിവസങ്ങളാണ് അവർക്ക് ജോലിക്ക് പോകാൻ സാധിക്കാതിരുന്നത്. ടൗട്ടേ ചുഴലിക്കാറ്റിന്റെ സമയത്ത് മുൻഫിഷറീസ് വകുപ്പുമന്ത്രി 6 ദിവസത്തെ വേതനം നൽകിയിരുന്നു. 46 ദിവസമായിട്ടും ഒരു ദിവസത്തെ വേതനം പോലും നൽകാൻ കഴിഞ്ഞിട്ടില്ല. ഓഖി ദുരന്തത്തിന്റെ കാര്യങ്ങൾ പറഞ്ഞു. അഞ്ച് വർഷം മുമ്പുണ്ടായ ഓഖി ദുരന്തത്തിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികളിൽ ഒരു പൈസപോലും സർക്കാർ ഖജനാവിലില്ല. ഓഖി

ദുരന്തത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക ഉപയോഗിച്ചാണ് ഇതെല്ലാം ചെയ്തത്. പക്ഷേ, ഇന്നും ഭവന നിർമ്മാണ പദ്ധതി എങ്ങും എത്തിയിട്ടില്ല. രക്ഷിതാക്കൾ മരിച്ച കുടുംബത്തിലെ ഏതെങ്കിലുമൊരു അംഗത്തിന് സർക്കാർ ജോലി നൽകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഒരാൾക്കുപോലും സ്ഥിരജോലി നൽകിയിട്ടില്ല. അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ഒരാൾക്കുപോലും ഇന്നുവരെ ജോലി നൽകിയിട്ടില്ല. തീരസുരക്ഷ ഇന്നും മരീചികയായി നിൽക്കുകയാണ്. കഴിഞ്ഞ ദിവസവും ഞങ്ങളിവിടെ കൊണ്ടുവന്നിട്ടുള്ളതാണ് മുതലപ്പൊഴിയിലെ മരണം. മുതലപ്പൊഴി മരണപ്പൊഴിയായി മാറുന്നുവെന്ന വിഷയം ഞങ്ങൾ കൊണ്ടുവന്നു. 58 ജീവനുകളാണ് അവിടെ നഷ്ടപ്പെട്ടത്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എല്ലാം സുരക്ഷിതമാണ്, ഞങ്ങൾ എല്ലാ നടപടികളും സ്വീകരിച്ചുവെന്നാണ്. പക്ഷേ ഈ മാസവും 36 വയസ്സുള്ള മുഹമ്മദ് സഫീറും, 31 വയസ്സുള്ള ഷമീറും അവിടെ മരണപ്പെട്ടു. പുല്ലുവിള സ്വദേശിയായ രണ്ട് പേർ ചാവക്കാട് മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടു. അവരുടെ മൃതദേഹം കൊണ്ടുവരുന്നതിന് ശ്രീ. എൻ. കെ. അക്ബറും

ഞാനുമായി ബന്ധപ്പെട്ടിരുന്നു. വർഗ്ഗീസും, ഗിൽബർട്ടും മരണപ്പെട്ടതിൽ ഗിൽബർട്ടിന്റെ മൃതദേഹം ഇതുവരെ ലഭിച്ചിട്ടില്ല. ഈ മാസമാണ് വിഴിഞ്ഞത്ത് തമിഴ്നാട് സ്വദേശിയായ ഒരാൾ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടത്. എന്ത് സുരക്ഷിതത്വമാണ് ഇവിടെയുള്ളത്? മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങിയെന്ന് പറയുന്നു. 18 കോടി 24 ലക്ഷം രൂപയ്ക്ക് വാങ്ങിയ മൂന്ന് ആംബുലൻസുകൾ ഒരു മീറ്റർ തിര ഉയർന്നാൽ അവയ്ക്ക് കടലിൽ ഇറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. നമ്മുടെ requirement-ന് അനുസരിച്ചിട്ടുള്ള ആംബുലൻസ് അല്ല വാങ്ങിയിട്ടുള്ളത്. നമ്മുടെ requirement-ന് അനുസരിച്ചല്ലേ വാങ്ങേണ്ടത്. ഇന്ന് ആ ആംബുലൻസുകൾ വാങ്ങിയതിനെ സംബന്ധിച്ചൊരു വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പൊഴിയൂർ, കൊല്ലംകോട്, പൂന്തുറ, വലിയതുറ, ശംഖുമുഖം തുടങ്ങിയ പ്രദേശങ്ങളിലെല്ലാം തീരശോഷണം സംഭവിച്ചിരിക്കുകയാണ്. മുതലപ്പൊഴി മുതൽ അഞ്ചുതെങ്ങ് കോട്ട വരെ കടലും കായലും എന്നാണ് ഒന്നാകുന്നതെന്ന സംശയം മാത്രമെയുള്ളൂ.

വളരെ അപകടകരമായ രീതിയിൽ കര നേർത്തുപോകുകയാണ്. അഞ്ചുതെങ്ങിൽ രണ്ട് നിര വീടുകൾ ഇപ്പോൾ കാണാനില്ല. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തീരശോഷണമുണ്ടാകുമെന്ന് അന്നത്തെ സർക്കാർ മുൻകൂട്ടി കണ്ടിരുന്നു. രണ്ട് പാക്കേജുകൾ അതുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. തീരശോഷണം നേരിട്ട് ബാധിക്കുന്നവരെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. എന്നാൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വേളയിൽ അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കേണ്ട 475 കോടി രൂപയുടെ പദ്ധതിയുണ്ടായിരുന്നു. പ്രസ്തുത പദ്ധതിയിൽ പനത്തുറ മുതൽ വലിയവേളി വരെയുള്ള 7876 വീടുകളിൽ 3000 വീടുകളെ ഈ പദ്ധതി ബാധിക്കുമെന്ന് പറഞ്ഞിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിന് അമ്പത് ഏക്കർ ഭൂമിയെടുക്കാൻ ഏക്കറിന് 3 കോടി രൂപവച്ച് 150 കോടി രൂപയും 6 ലക്ഷം രൂപവച്ച് ഫ്ലാറ്റ് നിർമ്മിക്കാൻ 180 കോടി രൂപയും 20 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനവുമടക്കം 350 കോടി രൂപയുടെ ഒരു പദ്ധതിയുണ്ടായിരുന്നു. 472 കോടി രൂപയുടെ പദ്ധതിയിൽനിന്ന് ഒരു രൂപപോലും നാളിതുവരെ സർക്കാർ ചെലവഴിച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം

ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തുന്നത്. ഓരോ മത്സ്യത്തൊഴിലാളിയിൽ നിന്നും 6000 രൂപയിലധികം വാങ്ങി നാളിതുവരെയായിട്ടും തീരസുരക്ഷിതത്വത്തിന് വേണ്ടിയുള്ള very high frequency radio അവർക്ക് കൊടുത്തിട്ടില്ല. സാറ്റ്ലൈറ്റ് ഫോൺ; എത്ര ഉള്ളിലായിരുന്നാലും ബന്ധപ്പെട്ട അധികാരികൾക്ക് അപകടത്തെക്കുറിച്ച് വിവരം കൊടുക്കാൻ കഴിയുന്ന സാറ്റ്ലൈറ്റ് ഫോൺ ഇതുവരെയും കൊണ്ടുവന്നിട്ടില്ല. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ ഒരു മാസമായി മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്. ആദ്യം അവരെ അവഗണിക്കാനും അതിനുശേഷം നേരിടാനും ശ്രമിച്ചു. അവരുടെ മത്സ്യബന്ധന യാനങ്ങൾ സമരഭൂമിയിലേയ്ക്ക് വരാതിരിക്കുന്നതിനായി റോഡിൽവച്ച് തടഞ്ഞു. ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ സൗമ്യനായി സംസാരിക്കുന്നയാളാണ്. ഈ സമരത്തിൽ പങ്കെടുക്കുന്നവരെല്ലാം പുറത്തുനിന്ന് വന്നവരാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത വിഷയം ഇതുവരെയും ചർച്ച ചെയ്യാത്തത്; വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിച്ചുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. ഇത്രയും ദിവസം സമരം നടത്തിയിട്ടും കൃത്യമായ യാതൊരുവിധ നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനായി ഒരു ഏജൻസിയെക്കൊണ്ട് പഠനം നടത്തി, ആ പഠനം പൂർത്തീകരിച്ച് മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2015 ആഗസ്റ്റ് മാസം 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖം കമ്പനിയുമായി നിർമ്മാണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ ഏർപ്പെട്ടിട്ടുള്ള കൺസെഷൻ കരാർപ്രകാരം വിവിധ ഷെഡ്യൂളുകളിൽ നിർണ്ണയിച്ചിരിക്കുന്നതുപോലെ തുറമുഖത്തിന്റെ നിർമ്മാണവും പ്രോജക്ടിന്റെ നടത്തിപ്പിനുവേണ്ട ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും കരാർ വ്യവസ്ഥകൾപ്രകാരം പോർട്ട് എസ്റ്റേറ്റിന്റെ

വികസനവും പോർട്ടിന്റെ 40 വർഷത്തെ പരിപാലനവും തുറമുഖത്തിന്റെ പ്രവർത്തനം നടത്തുന്നതും അദാനി കമ്പനിയിൽ നിക്ഷിപ്തമാണ്. കരാർ പ്രകാരം 2019 ഡിസംബർ 3-ാം തീയതി പൂർത്തീകരിക്കേണ്ട തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കമ്പനിക്ക് നിയമപരമായ നോട്ടീസ് നല്കിയതിനെത്തുടർന്ന്, കാലാവസ്ഥയും മറ്റ് പതിനേഴ് കാരണങ്ങളും ചൂണ്ടിക്കാട്ടി തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്നതിന്, കരാർ കമ്പനി സമയം നീട്ടി ചോദിക്കുകയുണ്ടായി. എന്നാൽ, സമയം നീട്ടി നല്കാൻ കഴിയില്ലെന്ന സർക്കാർ നിലപാടിൽ തൃപ്തരാകാതെ കരാർ കമ്പനി ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. മൂന്ന് മുൻ സുപ്രീംകോടതി ജഡ്ജിമാരടങ്ങുന്നതാണ് ട്രിബ്യൂണൽ. പ്രസ്തുത കേസ് നടന്നുവരികയാണ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പുനരധിവാസ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ പരമാവധി ശ്രമം നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് പരമാവധി പുനരധിവാസ പ്രവർത്തനങ്ങളും സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. കടലോരത്തുനിന്ന്

മാറി, മറ്റുള്ള ആളുകളുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളത്. ഇങ്ങനെ ഭൂമി നഷ്ടപ്പെട്ടവർക്കെല്ലാം ഉഭയസമ്മതപ്രകാരമുള്ള നഷ്ടപരിഹാരം നല്കുകയും വീട് നഷ്ടപ്പെട്ടവർക്ക് 5 സെന്റ് വീതം സ്ഥലവും അനുവദിച്ചുനല്കിയിട്ടുണ്ട്. പദ്ധതി പ്രതികൂലമായി ബാധിക്കുന്ന മുല്ലൂർ, കോട്ടപ്പുറം, അടിമലത്തുറ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനായ ലൈവ്‌ലിഹുഡ് ഇംപാക്ട് അസെസ്സ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച് കരമടി തൊഴിലാളികളുടെ പുനരധിവാസത്തിന് വിഴിഞ്ഞം സൗത്തിൽ 317-ഉം അടിമലത്തുറയിൽ 625-ഉം ഉൾപ്പെടെ 942 തൊഴിലാളികൾക്ക് 5.60 ലക്ഷം രൂപ വീതം 52.75 കോടി രൂപ നഷ്ടപരിഹാരം നല്കി. ചിപ്പി തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനത്തിന് 12.50 ലക്ഷം രൂപയും 73 ചിപ്പി തൊഴിലാളികൾക്ക് 9.12 കോടി രൂപയും വവിതരണം ചെയ്തു. 105 കട്ടമര തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തിന് ശിപാർശ തയ്യാറാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. റിസോട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപയും നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപയും നഷ്ടപരിഹാരമായി

നല്കിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാത്രമായി ഏകദേശം 100 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കരാർ ഒപ്പുവയ്ക്കുന്ന സമയത്ത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8 കോടി രൂപയുടെ പുനരധിവാസ പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിരുന്നത്. എന്നാൽ മത്സ്യത്തൊഴിലാളികളോട് വളരെ അനുകൂലമായ നയം സ്വീകരിച്ചുകൊണ്ട് സർക്കാർ 100 കോടി രൂപ പുനരധിവാസത്തിന് മാത്രം ചെലവഴിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട എം.എൽ.എ.-യും വിഴിഞ്ഞം നിവാസികളും ഒട്ടേറെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയും അദാനി കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചും നടപ്പാക്കിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം വന്നതോടുകൂടി ഹാർബറിലെ തിരയടി വർദ്ധിച്ചുവെന്നും അതുകൊണ്ട് ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്നുമുള്ള ആശങ്ക വിഴിഞ്ഞം മത്സ്യമേഖലയിലുള്ളവർ ഉയർത്തിയതിനെത്തുടർന്ന് പ്രശ്നപരിഹാരമെന്നോണം അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി എല്ലാ ബോട്ടുകളേയും അദാനി

കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഇൻഷ്വർ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മിച്ചതോടുകൂടി ഹാർബറിൽ വലിയ തിരകൾമൂലം ബോട്ടുകൾ അപകടത്തിൽപ്പെടുന്നെന്ന് ആക്ഷേപമുണ്ടായി. ഇതുസംബന്ധിച്ച് പൂനെയിലെ കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ സി.ഡബ്ല്യൂ.പി.ആർ.എസ്. (Central Water and Power Research Station)-നോട് പഠനം നടത്താനാവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ടിന്റെ ഭാഗമായി പഴയ വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ 170 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇത് നടപ്പാക്കാൻ ഉത്തരവായിട്ടുമുണ്ട്. പുലിമുട്ട് നിർമ്മാണം പൂർത്തിയായാൽ ഹാർബറിൽ വലിയ തിരകളുണ്ടാകില്ലെന്നാണ് സി.ഡബ്ല്യൂ.പി.ആർ.എസ്. കണ്ടെത്തിയിട്ടുള്ളത്. വിഴിഞ്ഞം ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞുകൂടി ബോട്ടുകൾ അപകടത്തിൽപ്പെടുന്നെന്ന ആക്ഷേപമുണ്ടായി. ഇതിനുപരിഹാരമായി ഹാർബറിന്റെ കവാടം അദാനി കമ്പനിയെക്കൊണ്ട് ഡ്രഡ്ജിംഗ് നടത്തി വർഷംതോറും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെക്കൊണ്ട് പഠനം നടത്തുന്നുണ്ട്. ഹാർബറിന്റെ കവാടത്തിൽ മണ്ണ് അടിഞ്ഞിട്ടില്ലെന്നാണ് ഈ വർഷം നടത്തിയ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. തുറമുഖനിർമ്മാണം

ആരംഭിക്കുന്നതോടെ അവിടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുമെന്ന ആക്ഷേപം ഉയർന്നു. ഇതിനു പരിഹാരമായി വിഴിഞ്ഞത്തുനിന്നും പുറപ്പെടുന്ന യാനങ്ങൾക്ക് എഞ്ചിൻ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് 4 ലിറ്റർ മണ്ണെണ്ണ അനുവദിച്ചുനല്കി. 2353 ബോട്ട് എഞ്ചിനുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു. കഴിഞ്ഞ വർഷങ്ങളിൽ സർക്കാരിന് ഈ ഇനത്തിൽ പ്രതിവർഷം 27.13 കോടി രൂപ ചെലവായി. പ്രസ്തുത പദ്ധതി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ വില ഉയർന്ന സാഹചര്യത്തിൽ ഇതിലേയ്ക്കായി 40 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖം നിർമ്മിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന സബ് സെന്ററിനെ 7 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യമുണ്ടായിരുന്നു. എന്നാൽ സബ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പി.എച്ച്.സി. സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യമില്ലായിരുന്നു. അതുകൊണ്ട് നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 ബെഡ്ഡുകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനത്തിനായി സർക്കാർ

പത്ത് കോടി രൂപ ചെലവഴിച്ചെങ്കിലും നിർമ്മാണം പൂർത്തിയായിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ, ഇതിനു പുറമേ ഓപ്പറേഷൻ തീയേറ്റർ അടക്കമുള്ളൊരു നില അദാനി കമ്പനി നിർമ്മിച്ചുനല്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുകൂടാതെ നിലവിലുള്ള സബ് സെന്ററിനെ ഒരു പി.എച്ച്.സി.-യായി ഉയർത്താമെന്ന് ആരോഗ്യവകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞത്ത് പ്രായാധിക്യമുള്ള ആളുകൾക്ക് പകൽ ചെലവഴിക്കുന്നതിന്, പകൽവീട് നിർമ്മിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് 1.8 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതുകൊണ്ടാണ് പ്രോജക്ട് ഏറ്റെടുക്കുവാൻ കഴിയാത്തത്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാകുമ്പോൾ അവിടെ വരാൻ സാധ്യതയുള്ള തൊഴിൽ സ്വദേശികളായ ആളുകൾക്ക് നൽകാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിക്കാമെന്നാണ് ധാരണയായിട്ടുള്ളത്. സർക്കാരിന്റെ ഏജൻസിയായ അസാപ്പ് 50 കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ചുവരികയാണ്.

കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നത്. ആവശ്യമായ സ്ഥലവും അദാനി കമ്പനി നൽകിയിട്ടുണ്ട്. വിഴിഞ്ഞം പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കണമെന്ന് ആവശ്യമുയർന്നു. സ്വച്ഛ് ഭാരത് മിഷനിലുൾപ്പെടുത്തി എം.ആർ.എഫ്. (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സെന്റർ ആരംഭിക്കുവാൻ ഒരു കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ ഭൂമി കണ്ടെത്തിയാലുടനെ ഈ പ്രോജക്ട് നടപ്പാക്കുന്നതാണ്. കോട്ടപ്പുറം ഭാഗത്തുള്ള ആളുകൾക്ക് കുടിവെള്ളം ലഭിക്കുന്നില്ലെന്ന പരാതിയുണ്ടായി. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി 1.72 കോടി രൂപ ചെലവഴിച്ച് കോട്ടപ്പുറത്ത് ആയിരം വീട്ടുകാർക്ക് സൗജന്യ വാട്ടർകണക്ഷൻ നൽകിയിട്ടുണ്ട്. തുറമുഖം വന്നതോടെ തങ്ങളുടെ കളിസ്ഥലം നഷ്ടപ്പെട്ടുവെന്ന ആക്ഷേപത്തിന് പരിഹാരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടേക്കർ ഭൂമി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇവിടെ

കളിസ്ഥലം നിർമ്മിച്ച് നൽകാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ ഒരു വർഷമായി സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം തുറമുഖ നിർമ്മാണത്തിൽ അഭിമാനകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണപ്രവൃത്തികൾ വ്യക്തമായി പുരോഗമിക്കുന്ന സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപത തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി ഇപ്പോൾ സമരം ആരംഭിച്ചിരിക്കുന്നത്. രൂപതയുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഫിഷറീസും ഗതാഗതവും വകുപ്പുമന്ത്രിമാർ രൂപത അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി. സമരക്കാർ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾക്കെല്ലാം അവർക്ക് സ്വീകാര്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതുപ്രകാരം പുനരധിവാസവുമായി ബന്ധപ്പെട്ട് മുട്ടത്തറയിൽ 10 ഏക്കർ സ്ഥലം അനുവദിക്കുവാനും എത്രയുംവേഗം നിർമ്മാണം ആരംഭിക്കാനുമുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒന്നാമത്തെ ആവശ്യമായ തുറമുഖ നിർമ്മാണം നിർത്തിവച്ച് പഠനം

നടത്തണമെന്ന നിർദ്ദേശം സ്വീകരിക്കാൻ വളരെ പ്രയാസമുണ്ട്. നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ, തുറമുഖ നിർമ്മാണത്തിലെ കാലതാമസം ബഹുമാനപ്പെട്ട സുപ്രീംകോടതി ജഡ്ജിമാരുടെ ആർബിട്രേഷൻ കൗൺസിലിന്റെ പരിഗണനയിലാണ്. ഇതിനുമുമ്പ് 2020 സെപ്റ്റംബർ 30 മുതൽ 33 ദിവസം കോട്ടപ്പുറം ഇടവകയുടെ നേതൃത്വത്തിൽ അവിടെ പണികൾ തടഞ്ഞുകൊണ്ട് സമരം നടത്തുകയുണ്ടായി. പ്രദേശവാസികളെന്ന നിലയിൽ അവർ ഉന്നയിച്ച പ്രശ്നങ്ങളെ അടിയന്തരമായി പരിഹരിക്കുന്നതിനും അല്ലാത്ത പ്രശ്നങ്ങളുടെ പട്ടിക തയ്യാറാക്കി പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അതിരൂപത ഇപ്പോൾ ഉന്നയിക്കുന്ന പല പ്രശ്നങ്ങളും മന്ത്രിതല കമ്മിറ്റി പരിശോധിച്ചിരുന്നു. ഇതിലെ പല ആവശ്യങ്ങളും സംസ്ഥാനത്തെ മുഴുവൻ തീരപ്രദേശത്തിനും ബാധകമായ പൊതുപ്രശ്നങ്ങളാണ്. കാലാവസ്ഥാ വ്യതിയാനംമൂലം ലോകം മുഴുവൻ തീരശോഷണവും കടൽക്ഷോഭവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അറബിക്കടലിന്റെ പടിഞ്ഞാറൻ തീരത്തുള്ള കേരള തീരവും ഈ ആക്രമണത്തിൽനിന്നും ഒട്ടും മുക്തമല്ല. കഠിനമായ കാലാവസ്ഥാവ്യതിയാന

പ്രശ്നങ്ങളാണ് കേരളവും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഒപ്പുവച്ച കരാർ പ്രകാരമാണ് യഥാർത്ഥത്തിൽ ഇപ്പോഴത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. വളരെ സമഗ്രവും ശാസ്ത്രീയവുമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ യു.പി.എ. സർക്കാർ ഈ പ്രോജക്ടിന് പാരിസ്ഥിതികാനുമതി നൽകിയിട്ടുള്ളത്. വിഴിഞ്ഞത്തിന്റെ പ്രത്യേകമായ ആകൃതിയും ഘടനയുംമൂലം സമീപപ്രദേശങ്ങളിൽ വലിയ തോതിൽ തീരശോഷണമുണ്ടാകില്ലെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനുകീഴിലുള്ള എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത്. എന്നിരുന്നാലും ഈ പാരിസ്ഥിതികാനുമതിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ഹരിത ട്രിബ്യൂണലിലും പരാതികളുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രിൻസിപ്പൽ ബഞ്ച് ഈ കേസുകളെല്ലാം കേൾക്കുകയും വിശദമായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന കക്ഷികളുടെ അപേക്ഷ പരിഗണിച്ച് രണ്ട് വിദഗ്ദ്ധ സമിതികൾക്ക് ദേശീയ ഹരിത ട്രിബ്യൂണൽ രൂപം നൽകിയിരുന്നു. രാജ്യത്തെ പ്രധാന ശാസ്ത്രഗവേഷണ

സ്ഥാപനങ്ങളിലെ മുതിർന്ന ശാസ്ത്രജ്ഞരാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. അവർ ആറ് മാസത്തിലൊരിക്കൽ യോഗം ചേരുകയും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ഇവയെല്ലാം നടപ്പാക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ നിശ്ചയിച്ച സമിതികളുടെ റിപ്പോർട്ട് പ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം കാര്യമായ തീരശോഷണമുണ്ടായിട്ടില്ലെന്നാണ് കാണിക്കുന്നത്. എന്നാൽ അറബിക്കടലിന്റെ പടിഞ്ഞാറൻ തീരക്കടൽ പ്രദേശമായ കേരളത്തിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി ഒട്ടേറെ ചുഴലിക്കാറ്റുകളും തീരശോഷണവും സംഭവിക്കുന്നുണ്ട്. ഇത് ലോകമാകമാനമുള്ള കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമാണ്. ഇതിനെ വളരെ ശാസ്ത്രീയമായി പരിഹരിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പനത്തുറ മുതൽ വേളി വരെയുള്ള മത്സ്യഗ്രാമങ്ങളിൽ വേലിയേറ്റ പരിധിക്കുള്ളിൽ 1615 കുടുംബങ്ങളുണ്ടെന്നാണ് മത്സ്യബന്ധന വകുപ്പ് കണക്കാക്കിയിരിക്കുന്നത്; ഇവരെയെല്ലാം പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഘട്ടംഘട്ടമായി

പുനരധിവസിപ്പിക്കാനാണ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഏതെങ്കിലും വ്യവസ്ഥകളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ ഭാവിതലമുറയുടെ ക്ഷേമം മുന്നിൽകണ്ടാണ് ഈ പ്രോജക്ടുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചത്. ഈ പ്രോജക്ട് നടപ്പിലാക്കിയാൽ രാജ്യത്തെ കണ്ടെയ്നർ ബിസ്സിനസ്സിന്റെ കേന്ദ്രമായി കേരളം മാറുമെന്നാണ് കണക്കാക്കുന്നത്. ഇതിലൂടെ ഉണ്ടാകാൻ പോകുന്ന സാമ്പത്തിക രംഗത്തെ വൻവികസനമാണ് ഈ പ്രോജക്ടിന്റെ മുഖ്യ ആകർഷണം. ഇത് തുറമുഖ രംഗത്ത് മാത്രമല്ല ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അന്തരീക്ഷവും ആവശ്യമായ അനുമതികളും നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഈ രംഗത്തുള്ള ഏത് പിൻവാങ്ങലും ആർബിട്രേഷന്റെ പരിധിയിൽ വരുന്നതും നഷ്ടം കണക്കാക്കുവാൻ യോഗ്യതയുള്ളതുമാണ്. അതുകൊണ്ട് തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുന്നത് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ബാദ്ധ്യത വരുത്തുവാനിടയുണ്ട്. മാത്രമല്ല, ഈ രാജ്യത്ത്, നമ്മുടെ സംസ്ഥാനത്തിന്റെ

വാണിജ്യ വ്യവസായ രംഗത്തെ പ്രതിച്ഛായയ്ക്കും തുറമുഖ നിർമ്മാണം നിർത്തിയാൽ വലിയ തരത്തിലുള്ള കോട്ടം സംഭവിക്കും. തുറമുഖനിർമ്മാണം പൂർത്തിയാകുന്നതോടെ അനുബന്ധ വ്യവസായങ്ങൾക്ക് വലിയ സാധ്യതയാണ് കാണുന്നത്. ഗൾഫ് നാടുകളിൽ പഴയതുപോലെ അവസരങ്ങളില്ലാത്ത സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ നാം ഒട്ടും അമാന്തിച്ചുകൂടാ. ഇത് അവസാനത്തെ അവസരമാണെന്ന് പറഞ്ഞുകൊണ്ടാണ് അന്നത്തെ ഭരണകക്ഷിയായ ഇപ്പോഴത്തെ പ്രതിപക്ഷം ഈ പ്രോജക്ട് അന്ന് ഏറ്റെടുത്തത്. ഈ സാഹചര്യത്തിൽ നിർമ്മാണം നിർത്തിയാൽ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഗണ്യമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഈ പ്രോജക്ട് എത്രയുംവേഗം പൂർത്തിയാക്കി കടലോരത്ത് കഷ്ടപ്പെടുന്ന യുവാക്കളെ പുതിയ തൊഴിലവസരങ്ങളിലെത്തിക്കാനാണ് നാം ശ്രമിക്കേണ്ടത്. അതിന് മുതൽമുടക്ക് നടത്തുവാൻ തയ്യാറാണെന്ന് കൺസെഷൻ കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറന്നുനൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ മറ്റ് വാണിജ്യ-വ്യവസായ രംഗങ്ങളിലെ സംരംഭകരും തയ്യാറാകുമെന്നാണ് കരുതുന്നത്. അതുകൊണ്ട്

തുറമുഖനിർമ്മാണം നിർത്തിവയ്ക്കുന്നത് സംസ്ഥാനത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കും. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എം. വിൻസെന്റ് ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളെക്കുറിച്ച് മാത്രമാണ് ഞാൻ മറുപടി പറയുന്നത്. അതിൽ ഒന്ന്, തിരുവനന്തപുരം ജില്ലയിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട ചില കുടുംബങ്ങൾ സ്കൂളുകളിലും ഗോഡൗണുകളിലുമായി താമസിച്ചുവരുന്നുണ്ട്. അത്തരത്തിൽ താമസിക്കുന്ന 159 കുടുംബങ്ങൾക്ക് വലിയതുറ ഗ്രൗണ്ടിൽ ഫ്ലാറ്റ് നിർമ്മിക്കാൻ ഭരണാനുമതി നൽകിയിരുന്നു. പക്ഷെ അവിടെ പ്രാദേശികമായ ചില ആവശ്യങ്ങൾ കാരണം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. ആ ഫ്ലാറ്റ് നിർമ്മിക്കുന്നതുവരെ വീട് നഷ്ടപ്പെട്ടവർക്ക് വാടക നൽകി പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വാടക നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വീട് നിർമ്മിക്കുന്നതിന് നേരത്തെ സൂചിപ്പിച്ച സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

അവിടെ അടിയന്തരമായും പുനരധിവാസത്തിന്റെ ഭാഗമായുമുള്ള വീടുകൾ നിർമ്മിക്കാവുന്നതാണ്. മറ്റൊന്ന്, അദ്ദേഹം പുനർഗേഹം പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. കടലിനോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ കണ്ടെത്തി അവർക്ക് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായോ സി.ആർ.ഇസഡ്. നിയന്ത്രണത്തിന്റെ ഭാഗമായോ പുനരധിവസിപ്പിക്കേണ്ടി വരുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 2,450 കോടി രൂപയുടെ പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. തീരദേശത്തെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി തന്നെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതുപ്രകാരം 276 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, കാരോട്, ബീമാപ്പള്ളി, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, മലപ്പുറം ജില്ലയിലെ പൊന്നാനി, നിറമരുതൂർ, കാസർഗോഡ് ജില്ലയിലെ കോയിപ്പാടി എന്നിവിടങ്ങളിലെല്ലാം ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മണ്ണെണ്ണയുടെ പ്രശ്നം ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്ത് രജിസ്റ്റർ

ചെയ്തിട്ടുള്ള ഏകദേശം 36000 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ 90 ശതമാനവും മണ്ണെണ്ണയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ കേന്ദ്രസർക്കാർ അനുവദിക്കുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. പ്രതിവർഷം ഒരു ലക്ഷം കിലോലിറ്റർ മണ്ണെണ്ണയാണ് ആവശ്യമായിവരുന്നത്. ഇതിൽ 25000 കിലോലിറ്ററിനു താഴെമാത്രമാണ് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നത്. കാർഷിക ആവശ്യത്തിനും ഇതര ആവശ്യത്തിനും ഇത് മതിയാകുന്നില്ല. മത്സ്യഫെഡ് മുഖേന വാങ്ങുന്ന മണ്ണെണ്ണയ്ക്കുള്ള സബ്സിഡി ഡി.ബി.റ്റി.-യായി യഥാസമയം മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നു. ഇത് മത്സ്യത്തൊഴിലാളികളെ ഗൗരവമായി ബാധിക്കുന്ന പ്രശ്നമാണ്. മണ്ണെണ്ണയുടെ വില ക്രമാതീതമായി വർദ്ധിച്ചുപോകുകയാണ്. ആ പ്രശ്നവുമായി ബന്ധപ്പെട്ട്, എങ്ങനെയാണ് ഇതിന് പരിഹാരം കണ്ടെത്തുന്നത് എന്നതിനെക്കുറിച്ച്, മുഴുവൻ മത്സ്യത്തൊഴിലാളി സംഘടനകളെയും വിളിച്ച് ചർച്ച ചെയ്യുന്നതിന് ഫിഷറിസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ കഴിഞ്ഞ ദിവസം ഫിഷറീസ് വകുപ്പുമന്ത്രി കണ്ട് ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ചില കാര്യങ്ങൾ

നടപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പരിസ്ഥിതി ആഘാതം സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി. ഇവിടെ വന്നിട്ടുള്ള ഒരു ആരോപണം, തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി വലിയ തോതിൽ തീരശോഷണം വരുന്നുവെന്നുള്ളതാണ്. പാരിസ്ഥിതികാഘാത പഠനത്തിൽ അപാകതയുണ്ടെന്നും തീരശോഷണത്തിന് ഇടയുണ്ടെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ദേശീയ ഹരിത ട്രിബ്യൂണലിലും ഹർജികൾ നേരത്തെ സമർപ്പിച്ചിരുന്നു. അവയെല്ലാം നിരസിക്കപ്പെട്ടതാണ്. ഒരു വിധത്തിലുള്ള തീരശോഷണത്തിനും തുറമുഖ നിർമ്മാണം കാരണമാകുന്നില്ലെന്നാണ് കേന്ദ്ര പരിസ്ഥിതി വകുപ്പിന് കീഴിലുള്ള വിദഗ്ദ്ധ സമിതി കണ്ടെത്തിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് 2014-ൽ തുറമുഖ നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയത്. ഹരിത ട്രിബ്യൂണൽ രൂപീകരിച്ച രണ്ട് വിദഗ്ദ്ധ സമിതികൾ എല്ലാ ആറ് മാസം കൂടുമ്പോഴും ഇക്കാര്യങ്ങൾ വിലയിരുത്തി ട്രിബ്യൂണലിന് റിപ്പോർട്ട് നൽകുന്നുണ്ട്. 2016-ൽ പുലിമുട്ട് നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപമെടുത്തതും നമ്മുടെ തീരത്ത് വന്നെത്തിയതുമായ

ചുഴലിക്കാറ്റുകൾ, ന്യൂനമർദ്ദം എന്നിവയാണ് തീരശോഷണത്തിന് പ്രധാന കാരണമെന്ന് വ്യക്തമായിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചശേഷം പ്രദേശത്തിന്റെ അഞ്ച് കിലോമീറ്റർ ദൂര പരിധിയിൽ യാതൊരു തീരശോഷണവും സംഭവിച്ചിട്ടില്ല. വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിലെ തീരശോഷണത്തിനുകാരണം തുറമുഖ നിർമ്മാണമാണെന്ന് പറയാൻ സാധിക്കാത്ത നിലയായി. 2021-22 ബഡ്ജറ്റിൽ അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന 5,300 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഇതിൽ 1,500 കോടി രൂപയുടെ പദ്ധതികൾ ആദ്യഘട്ടമായി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചു. നമ്മുടെ തീരപ്രദേശത്തെ പത്ത് പ്രദേശങ്ങൾ ഹോട്ട് സ്പോട്ടുകളായി തെരഞ്ഞെടുത്തു. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനത്ത് കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. ഇപ്പോൾ നടക്കുന്ന സമരം ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ മാത്രമായി പങ്കെടുക്കുന്നതാണെന്ന് പറയാൻ സാധിക്കില്ല. ചിലയിടങ്ങളിൽ മുൻകൂട്ടി തയ്യാറാക്കിയ രീതിയിലുള്ള സമരമെന്ന നിലയ്ക്കാണ് കാണാൻ സാധിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ സംസ്ഥാനം നേരിടുന്ന ഗൗരവമായ പ്രശ്നമെന്ന ബോദ്ധ്യത്തിൽത്തന്നെയാണ് സർക്കാർ

നിലകൊള്ളുന്നത്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ഘട്ടത്തിലും സജീവമായ ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഓഖിയുടെ പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. സംസ്ഥാനത്ത് ഓഖിയുടെ സമയത്ത് ഏറ്റവുമധികം ദുരിതാശ്വാസ ധനസഹായം നൽകിയ സർക്കാരാണിത്. 20 ലക്ഷം രൂപയാണ് അന്ന് മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നൽകിയത്. ഇതിനുപുറമേ കേന്ദ്ര വിഹിതമായി ലഭിച്ച രണ്ട് ലക്ഷം രൂപയും നൽകുകയുണ്ടായി. ഓഖിയുടെ പശ്ചാത്തലത്തിൽ ഇത്തരം അപകടങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും അത്തരം സന്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് എത്തിക്കുന്നതിനും ആവശ്യമായ യാനങ്ങളും ജീവൻരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും ഏകോപിതമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ആ മേഖലയിൽ നടപ്പാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഓഖിയുടെ ഘട്ടത്തിൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച മുഴുവൻ തുകയും ആ മേഖലയുടെ ഉന്നമനത്തിനുവേണ്ടിയാണ് സർക്കാർ ചെലവഴിച്ചത്. അദ്ദേഹം പട്ടയങ്ങളുടെ പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. തീരദേശത്തുള്ളവരുടെ പട്ടയത്തിനുള്ള അപേക്ഷകൾ മഹാഭൂരിക്ഷവും സി.ആർ.ഇസഡ്.

പരിധിയിലാണ് വരുന്നത്. കേന്ദ്ര നിയമം അനുസരിച്ച് ഇപ്പോൾ അത് നൽകുന്നതിന് പ്രയാസമുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ മുമ്പിൽ ഒരു പ്രശ്നമായി അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ പെഡസ്റ്റൽ സർവ്വേകൂടി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കണമെന്ന് സർക്കാരും ആഗ്രഹിക്കുകയാണ്. എല്ലാ ശ്രമവും അതിന് നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാത്തരത്തിലും പരിഹാരം കാണുമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇൻഷ്വറൻസ് പരിരക്ഷയുടെ കാര്യം അദ്ദേഹത്തിന് അറിയാവുന്നതാണ്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഇൻഷ്വറൻസ് പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് അദ്ദേഹം ഓർക്കുന്നുണ്ടാകും. മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യവിൽപ്പന തൊഴിലാളികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനാണ് 'സമുദ്ര' ബസ് സർവ്വീസ് ആരംഭിച്ചത്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ സംബന്ധമായ പരിശീലനം നൽകുന്ന കാര്യം പറയുകയുണ്ടായി. മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. തീരദേശ

ജനതയുടെ സാക്ഷരതയുമായി ബന്ധപ്പെട്ട കാര്യത്തിൽ 'അക്ഷര സാഗരം' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ഒരു കാര്യമാണ് വ്യക്തമാക്കാനുള്ളത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം ആ മേഖലയിലേ ഗൗരവമായ പ്രശ്നമെന്ന നിലയ്ക്കുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഏതെങ്കിലും അവഗണിക്കത്തക്ക ഒരു പ്രശ്നമായിട്ടല്ല സർക്കാർ അതിനെ കണ്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഏറ്റവും ഗൗരവമായ പ്രശ്നമായാണ് കാണുന്നത്. അതിന്റെ പരിഹാരത്തിനായി എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഏതുതരത്തിലും മത്സ്യത്തൊഴിലാളികളോടൊപ്പം നിൽക്കുക എന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. അക്കാര്യത്തിൽ ഒരു ശങ്കയും ഉണ്ടാകേണ്ടതില്ല. വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് പറയാനുള്ളത്, നമ്മുടെ നാടിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന ബൃഹത്ത് പദ്ധതികളെപ്പറ്റി സംസ്ഥാന സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. പക്ഷെ പദ്ധതികൾ നടപ്പാക്കുമ്പോൾ സ്വാഭാവികമായി ചില ആശങ്കകൾ ഉയരുമെന്നത് നാം കാണേണ്ടതുണ്ട്. ആ ആശങ്കകൾക്ക് ആക്കം കൂട്ടാനും അടിസ്ഥാനരഹിതമായ ഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കാനും ശ്രമങ്ങൾ ഉണ്ടാകാൻ പാടില്ല. പദ്ധതികൾ

നടപ്പാക്കേണ്ടതില്ലെന്നും നാടിന്റെ സമ്പത്ത് ഘടന സ്തംഭനാവസ്ഥയിൽ നിൽക്കട്ടെ എന്നതരത്തിലുമുള്ള സമീപനം, നാടിന്റെ വികസന വിരുദ്ധം മാത്രമല്ല ജനവിരുദ്ധം കൂടിയായ സമീപനമാണ്. പ്രദേശവാസികൾക്ക് ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ചർച്ചകളിലൂടെ രമ്യമായി പരിഹരിച്ചുപോകാനാണ് സർക്കാർ താൽപ്പര്യപ്പെടുന്നത്. ആ ശ്രമം സർക്കാർ തുടർന്ന് നടത്തുകതന്നെ ചെയ്യും. അതിന് പിന്തുണ നൽകുകയാണ് വേണ്ടത്. അതിന് തുരങ്കം വയ്ക്കുന്ന സമീപനം ഭാവി തലമുറയോട് കാണിക്കുന്ന അനീതിയായി മാറുമെന്ന് ഓർക്കേണ്ടതുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിപോലൊരു പശ്ചാത്തല സൗകര്യ പദ്ധതി ഇച്ഛാശക്തിയോടെ നടപ്പാക്കുമ്പോൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സമ്പത്ത് ഘടനയ്ക്കുണ്ടാകുന്ന ഉത്തേജനം, അതുവഴി ആകെ സമ്പത്തിക മേഖലയിലെ ദ്രുതഗതിയിലുള്ള വളർച്ച എന്നിവയാണ് യാഥാർത്ഥ്യമാകുന്നതെന്ന് നാം കാണണം. അത് ചെറിയ ഫലമല്ല ഉണ്ടാക്കുന്നത്. അനുബന്ധ വികസനവും ജനജീവതത്തിലുണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളും വലുതായിരിക്കും. വിഴിഞ്ഞം പദ്ധതി ഒരു യാഥാർത്ഥ്യമാണ്, അത് നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്.

സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ് പ്രശ്നം. ഇത്രയും എത്താൻ നാട് വലിയ സംഭാവന നൽകിയിട്ടുണ്ടെന്ന് നാം ഓർക്കേണ്ടതുണ്ട്. പശ്ചാത്തല സൗകര്യ വികസന പദ്ധതികളെ സങ്കുചിത വീക്ഷണത്തോടെയല്ല ഞങ്ങൾ കാണുന്നത്. നാടിന്റെ വികസനത്തെപ്പറ്റി ഞങ്ങളുടെ കാഴ്ചപ്പാടിന്റെ ഭാഗമാണിത്. അതിനാൽ വിഴിഞ്ഞം പദ്ധതിയെ ഒരു തരത്തിലും നടപ്പാക്കേണ്ടതില്ലെന്ന സമീപനം ഈ ഘട്ടത്തിൽ അംഗീകരിക്കാനാവില്ല. അത് ഈ സമൂഹത്തിനും അംഗീകരിക്കാനാവില്ല. പ്രശ്നങ്ങളുണ്ടാകും, ഇത്തരം പദ്ധതികളുടെ ഭാഗമായി പ്രശ്നങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. അവയോടെ എന്ത് സമീപനം സ്വീകരിക്കുന്നുവെന്നുള്ളതാണ് പ്രധാനം. സർക്കാരിന്റെ സമീപനം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ ആരുടെയും ജീവനോപാധിയും പാർപ്പിടവും നഷ്ടപ്പെടില്ലെന്നതാണ് ആ ഉറപ്പ്. ആ ഉറപ്പിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. അതുകൊണ്ട് എന്ത് പ്രശ്നമായാലും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാണ്; ആ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ തവണ ചർച്ച ചെയ്തു, ഇന്നും ചിലപ്പോൾ ചർച്ച ചെയ്യും, നാളെയും ആവശ്യമാണെങ്കിൽ ചർച്ച ചെയ്യും.

അതിനൊരു അറച്ചനിൽപ്പും സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. ഈ സഭ നിർത്തിവച്ച് ഈ കാര്യം ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെയും തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിക്ഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ സവിശേഷത നിറഞ്ഞ ഒരു അടിയന്തരപ്രമേയ നോട്ടീസായിരുന്നു ഇന്നത്തേത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രണ്ട് മന്ത്രിമാരുമാണ് അതിന് മറുപടി നൽകിയത്. ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്ത് മറുപടി പറയുന്നതുപോലെ സംസ്ഥാനത്തുടനീളമുള്ള കാര്യങ്ങളാണ് പറഞ്ഞത്. എന്നാൽ വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ആരോ ശ്രമിക്കുന്നുവെന്ന അർത്ഥത്തിലാണ് ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ

വ്യവസ്ഥകൾക്കനുസൃതമായി പുനരധിവാസം, ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിലുണ്ടായ വീഴ്ചയാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. ഇവിടെ ധാരാളം പദ്ധതികൾ പ്രഖ്യാപിച്ചു. എല്ലാവരും ആശയക്കുഴപ്പത്തിലായി. നഷ്ടപരിഹാര പാക്കേജ് അവിടെയുണ്ട്. ഒരു പ്രോജക്ട് വന്നാൽ നഷ്ടപരിഹാര പാക്കേജുണ്ടാകില്ലേ? വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് അത് കൊടുക്കും, തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ കൊടുക്കും. ആ പാക്കേജിനെക്കുറിച്ചാണ് മന്ത്രിമാർ വിവരിക്കുന്നത്. എന്തോ ഔദാര്യം കൊടുത്തുവെന്ന മട്ടിൽ നഷ്ടപരിഹാര പാക്കേജ് പറയുകയാണ്. ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസ് നഷ്ടപരിഹാര പാക്കേജിനെക്കുറിച്ചുള്ളതല്ല. ഈ തുറമുഖ നിർമ്മാണപ്രവർത്തനം ആരംഭിച്ചതുമുതൽ അഞ്ച് വർഷക്കാലത്തേയ്ക്കുണ്ടാകാവുന്ന പ്രത്യക്ഷവും പരോക്ഷവുമായ നഷ്ടങ്ങൾ നികത്താൻവേണ്ടിയുള്ള ഒരു പുനരധിവാസ പാക്കേജിനെക്കുറിച്ചാണ്. അതിന് അന്നത്തെ ഗവൺമെന്റ് 471 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രഖ്യാപിച്ചു. ഗവൺമെന്റ് എന്നുപറയുന്നത്

തുടർച്ചയാണ്. ഗവൺമെന്റ് നിരന്തരമായ ചർച്ചകൾ നടത്തി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രാത്രി പതിനൊന്നര മണിവരെ ചർച്ച ചെയ്ത ദിവസമുണ്ട്. അന്ന് രാത്രിയായതുകൊണ്ട് പിറ്റേദിവസം രാവിലെ ആറര മണിയിലേയ്ക്ക് ചർച്ച മാറ്റി. രാവിലെ ആറര മണി മുതൽ ചർച്ച വീണ്ടും തുടങ്ങി. തുടർച്ചയായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇന്ന് തിരുവനന്തപുരം അതിരൂപത നടത്തുന്ന സമരത്തിൽപ്പറയുന്ന കാരണങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. ഇതിന്റെ നിർമ്മാണവുമായി മുന്നോട്ടുപോകുമ്പോൾ ഉണ്ടാകാവുന്ന ഗുരുതരമായ ധാരാളം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നപ്പോൾ ആ ഗവൺമെന്റ് അതിനെ അഡ്രസ് ചെയ്തു. ധാരാളം വീടുകൾ പോകും. അതായത് പനത്തുറ മുതൽ വലിയവേളി വരെയുള്ള 7876 വീടുകളിൽ 3000 വീടുകളെ ഈ പദ്ധതി ബാധിക്കുമെന്ന് അന്നുതന്നെ വിലയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ, വീടുനിർമ്മാണം എന്നിവയ്ക്കുവേണ്ടിയാണ് 350 കോടി രൂപ നീക്കിവച്ചത്. അതിന് ഗവൺമെന്റ് ഉത്തരവും ഇറക്കി. ജീവിതോപാധി കണ്ടെത്താൻ 59 കോടി രൂപ. കൂടാതെ, വിദ്യാഭ്യാസ കാര്യങ്ങൾക്കുവേണ്ടിയുള്ള പണം. ആ പാക്കേജിലെ ഒരു രൂപപോലും ചെലവാക്കിയിട്ടില്ലെന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. അല്ലാതെ അവിടെ

കൊടുത്ത നഷ്ടപരിഹാര പാക്കേജ്, ചിപ്പിക്കാർക്ക് പണം കൊടുത്തതൊക്കെ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തുതുടങ്ങിയതാണ്. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കും പണം കൊടുക്കണ്ടേ; കൊടുക്കാതിരിക്കാൻ കഴിയുമോ? അത് വേറെ പാക്കേജാണ്. ഇത് പുനരധിവാസ പാക്കേജാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ടല്ല പ്രശ്നം. വളരെ വേഗതയിൽ വിജയകരമായാണ് തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനം നടക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കരാർ പ്രകാരം 2015-ൽ ആരംഭിച്ച പദ്ധതി 2019 ഡിസംബറിൽ (നാല് വർഷം) നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. പൂർത്തിയാക്കിയില്ലെങ്കിൽ കമ്പനി അന്നുമുതൽ സർക്കാരിന് പെനാൽറ്റി കൊടുക്കേണ്ടതാണ്. അതിന് കഴിയാതെവന്നപ്പോൾ 2022 ജൂൺ മാസത്തിൽ കമ്പനി പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ അവതരിപ്പിച്ചു. ഈ വിഷയം ഞങ്ങൾ സഭയിൽ കൊണ്ടുവന്നിരുന്നു. തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2024 ഡിസംബറിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് അവർ പറയുന്നത്. അത് എങ്ങനെയാണ് സ്പീഡിൽ നടക്കുന്ന പദ്ധതിയാകുന്നത്? 2019-ൽ പൂർത്തിയാകേണ്ട പദ്ധതി 2024-ൽ

പൂർത്തിയാകുമെന്ന് പറയുമ്പോൾ, അഞ്ചുകൊല്ലം വൈകി പൂർത്തിയാകുന്ന പദ്ധതി വളരെ വേഗത്തിലാണ് നടക്കുന്നതെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അവകാശവാദം ആശ്ചര്യമുണ്ടാക്കുന്നതാണ്. തുറമുഖത്തിനായി ആകെ 3100 മീറ്റർ പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. അതിൽ 1800 മീറ്റർ മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. പദ്ധതിക്ക് ആവശ്യമായ പാറയുടെ 46 ശതമാനം മാത്രമേ സംഭരിക്കാൻ കമ്പനിക്ക് ഇതുവരെ കഴിഞ്ഞിട്ടുള്ളൂ. അത് ഒച്ച് ഇഴയുന്ന വേഗത്തിലാണ് പോകുന്നത്. ഈ പ്രവർത്തനം തുടങ്ങിയപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നമെന്താണ്? ഇവിടെ പരിസ്ഥിതി മന്ത്രാലയത്തിന്റെ കാര്യം പറഞ്ഞു. ഈ കമ്പനി ആരുടേതാണ്? അദാനി ഗ്രൂപ്പിന്റെ കമ്പനിയാണ്. പരിസ്ഥിതി മന്ത്രാലയത്തിൽനിന്നൊക്കെ റിപ്പോർട്ട് കിട്ടാൻ, അദാനിക്കെതിരായി ഏതെങ്കിലുമൊരു റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് കിട്ടുമോ? ഇവിടെയുള്ള പ്രശ്നം, വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂന്നിലൊന്ന് പൂർത്തിയായപ്പോൾ 600 മീറ്റർ കടൽത്തീരം നഷ്ടപ്പെട്ടു. ശംഖുമുഖം കണ്ടാൽ അറിയില്ലേ? കോവളത്തിന്റെയും ശംഖുമുഖത്തിന്റെയും സ്ഥിതിയും പനത്തുറ മുതൽ തുമ്പ വരെയുണ്ടായിക്കൊണ്ടിരിക്കുന്ന തീരശോഷണവും വീടുകളുടെ തകർച്ചയും

പരിശോധിച്ചാൽ ഈ വസ്തുത ബോധ്യമാകും.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇത് പറഞ്ഞുകഴിഞ്ഞതിനുശേഷം വഴങ്ങാം. കഴിഞ്ഞ 5 വർഷംകൊണ്ട് വലിയതുറയിൽമാത്രം 5 വരി വീടുകളാണ് നഷ്ടപ്പെട്ടത്. കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട് തുടങ്ങി തുമ്പ വരെ ഈ നിർമ്മാണത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കമ്പനിയും ഗവൺമെന്റും ഒരു കൺക്ലൂഷനിലെത്തിയിരിക്കുകയാണ്. എന്താണത്? വിഴിഞ്ഞം തുറമുഖ നിർമ്മാണംകൊണ്ട് ഒരു തീരശോഷണവുമുണ്ടായിട്ടില്ല എന്നാണ്. അതിൽ നിങ്ങൾ ഉറച്ചുനിൽക്കണം. ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന തീരശോഷണം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടായിരിക്കുന്നത് മാത്രമാണെന്നാണ് സർക്കാരിന്റെ നിലപാട്. അദാനിയുടെയും സർക്കാരിന്റെയും നിലപാട് ഒന്നുതന്നെയാണ്. (....ബഹളം.....) വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചാൽ അത് പൂർത്തിയാകുന്നതുവരെ ഈ തീരപ്രദേശത്തെ വീടുകൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നുള്ള വിഷയം കഴിഞ്ഞ യു.ഡി.എഫ്.

സർക്കാർ അഡ്രസ് ചെയ്തിരുന്നു. പുലിമുട്ട് നിർമ്മാണംകൊണ്ട് തീരശോഷണത്തിലൂടെ മൂവായിരത്തോളം വീടുകൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന കൃത്യമായ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ആ പുനരധിവാസ പാക്കേജ് ഉണ്ടാക്കിയത്. വിഴിഞ്ഞം തുറമുഖ നിർമ്മാണംകൊണ്ട് ഒരുതരത്തിലുമുള്ള തീരശോഷവും ഉണ്ടാകില്ലെന്നാണ് ഇപ്പോൾ സർക്കാർ പറയുന്നത്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ തീരശോഷണം നടക്കുന്നുണ്ടെങ്കിൽ അത് ആഗോളവ്യാപനമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗം മാത്രമാണെന്ന നിലപാടാണ് സർക്കാരെടുക്കുന്നത്. ഇവിടെ വലിയതുറയിലെ മുന്നൂറിലധികം കുടുംബങ്ങളുടെ കാര്യം പറഞ്ഞു, അതിരൂപതയുടെ സമരം മുൻകൂട്ടി ആസൂത്രണം ചെയ്തിട്ടുള്ള സമരമാണെന്നും പറഞ്ഞു. ഈ സമരമില്ലായിരുന്നെങ്കിൽ XXXXXXXXXXX+ തിരുവനന്തപുരം അതിരൂപത നടത്തിയ സമരം കൊണ്ടല്ലേ അവർക്ക് വാടക വീട് കൊടുക്കാമെന്ന് സഭയിൽ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നത്. മുട്ടത്തറയിലെ മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലമൊന്നും നിങ്ങളാരും ഇതുവരെ അന്വേഷിച്ചുപോയില്ലല്ലോ? തിരുവനന്തപുരം അതിരൂപത

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

വിഴിഞ്ഞത്ത് സമരം നടത്തുന്നതുകൊണ്ടുമാത്രമല്ലേ മുട്ടത്തറയിലെ മൃഗസംരക്ഷണ വകുപ്പിന്റെ എട്ട് ഏക്കർ സ്ഥലത്തെക്കുറിച്ച് ആലോചിക്കാമെന്നെങ്കിലും നിങ്ങൾക്ക് പറയേണ്ട സ്ഥിതിവന്നത്. നാല് കൊല്ലമായി ഞങ്ങൾ പറഞ്ഞപ്പോൾ അവിടെയിരുന്ന് പരിഹസിച്ചു. വലിയതുറയിൽ നിങ്ങൾ പോയി കാണണം. സഹിക്കാൻ കഴിയില്ല. .....(ബഹളം)....

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, വഴങ്ങുമോ? ....(മൈക്ക് ഓഫ്).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല. അദ്ദേഹം മന്ത്രിയാണ്. I am on my legs. No, you have no right. .......(ബഹളം)... …

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. നിങ്ങൾ രണ്ടുകൂട്ടരും ഇരിക്കൂ. ......(ബഹളം)......

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരു മന്ത്രി എഴുന്നേറ്റുനിന്ന് പ്രസംഗം തടസ്സപ്പെടുത്തുന്നത് ശരിയായ കാര്യമല്ല. .......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കു. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിയും മറ്റ് രണ്ട് മന്ത്രിമാരും സംസാരിച്ചപ്പോൾ ഇവിടെ ആരും ബഹളമുണ്ടാക്കിയില്ല. അവർ കൂടുതൽ സമയമെടുത്തിട്ടും ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. വലിയതുറയിൽ ....... ( ബഹളം )…….

ശ്രീ. സജി ചെറിയാൻ: സർ, പോയിന്റ് ഓഫ് ഓർഡർ...........

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിന്റെ സമയത്ത് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ കഴിയില്ല. ഇത് പ്രസംഗത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. പാവപ്പെട്ടവരുടെ വിശേഷങ്ങളെ, സങ്കടങ്ങളെ നിയമസഭയിൽ പറയാൻ സമ്മതിക്കാതെ മന്ത്രിമാരുൾപ്പെടെയുള്ളവർ മനഃപൂർവ്വം പ്രസംഗത്തെ തടസ്സപ്പെടുത്തുകയാണ്. പാവപ്പെട്ടവന്റെ സങ്കടമാണ് പറയുന്നത്; ഇവിടെയല്ലാതെ വേറെ എവിടെപ്പോയി പറയും? xxxxxxxxxxxx ....... ( ബഹളം )…….

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്...... പ്രതിപക്ഷനേതാവ്

പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ഇത് വാക്കൗട്ട് പ്രസംഗമാണ്; പ്ലീസ്.... പ്ലീസ്.... ഇരിക്കൂ... ഇരിക്കൂ....അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, പറയാനുള്ളത് പറഞ്ഞതിനുശേഷമേ ഞാൻ പോകുകയുള്ളൂ. എന്നെ തടസ്സപ്പെടുത്താൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്...... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. .....(ബഹളം)..... രണ്ടുകൂട്ടരും ഇങ്ങനെ സംസാരിച്ചാൽ സമയക്രമം പാലിക്കാൻ കഴിയാതെവരും. അതുകൊണ്ട് അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ... പ്ലീസ്... പ്ലീസ്.... (....ബഹളം.....) ഞാൻ രണ്ട് പക്ഷത്തുമുള്ളവരോടാണ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പറയാനുള്ള കാര്യങ്ങൾ ആര് തടസ്സപ്പെടുത്തിയാലും ഞാൻ പറഞ്ഞിട്ടേ പോകൂ. XXXXXXXXXXX

ശ്രീ. പിണറായി വിജയൻ: സർ, നേരത്തെ അങ്ങ് പറഞ്ഞ ഒരു കാര്യത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. ബഹളമായതിനാൽ ചോദിക്കാതിരുന്നതാണ്. അദാനിയുടെ പദ്ധതിയായതുകൊണ്ട് കേന്ദ്രത്തിൽ നിന്ന് അനുമതി കൊടുക്കുന്നതിന് വിഷമമില്ലെന്ന് അങ്ങ് പറഞ്ഞല്ലോ; അത്

ഞാൻ ഓർത്തുപോയതാണ്. വിഴിഞ്ഞം പദ്ധതിയുടെ എൻവയോൺമെന്റൽ ആൻഡ് സോഷ്യൽ ഇംപാക്ട് അസ്സെസ്സ്മെന്റിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത് ശ്രീ. ജയറാം രമേശ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയായിരുന്നപ്പോഴാണ്. പദ്ധതിയുടെ സാമൂഹിക പാരിസ്ഥിതികാഘാത പഠനം നടന്നത് അതിനെത്തുടർന്നാണ്. 2011 ജൂൺ 13-ന് ശ്രീ. ജയറാം രമേശ് സൈറ്റ് അപ്രൈസൽ നടത്താൻ വിഴിഞ്ഞത്ത് എത്തി. തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ ടി.ഒ.ആർ. അംഗീകരിക്കുകയും ചെയ്തു. 2013-ൽ ഡ്രാഫ്റ്റ് ഇ.ഐ.എ. റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസ്സിന്റെ ഗവൺമെന്റായിരുന്നു. പദ്ധതിമേഖലയിൽ പബ്ലിക് ഹിയറിംഗ് നടത്തിയത് 2013 ജൂൺ 29-ന് കേന്ദ്രവും കേരളവും കോൺഗ്രസ്സ് ഭരിക്കുമ്പോഴാണ്. 2013 ഓഗസ്റ്റ് 24-ന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി വിഴിഞ്ഞം പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയപ്പോഴും കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയിൽ എൻവയോൺമെന്റൽ ക്ലിയറൻസിനുള്ള പാരിസ്ഥിതികാനുമതിക്കുള്ള നടപടികൾ ആരംഭിച്ചത് 2013 സെപ്റ്റംബർ

19, 20 ദിവസങ്ങളിൽ നടന്ന 120-ാമത് മീറ്റിംഗിലും 2013 നവംബർ 20 മുതൽ 23 വരെ നടന്ന 128-ാമത്തെ മീറ്റിംഗിലുമാണ്. അപ്പോഴും കോൺഗ്രസ്സ് തന്നെയാണ് കേന്ദ്രം ഭരിച്ചത്. തുടർന്ന് 2014 ജനുവരി 3-ന് വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചപ്പോഴും കേന്ദ്രവും കേരളവും കോൺഗ്രസ്സ് തന്നെയാണ് ഭരിച്ചിരുന്നത്. അങ്ങയെ ഓർമ്മിപ്പിക്കാൻ പറഞ്ഞുവെന്നേയുള്ളൂ. ബി.ജെ.പി.-യെ കുറ്റപ്പെടുത്തുന്നതിന് ഞാൻ എതിരല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് കൺഫ്യൂഷനൊന്നും ഉണ്ടാക്കേണ്ട; ഞാൻ പറഞ്ഞത് വളരെ കൃത്യമാണ്. ഇത് 2015-ൽ തുടങ്ങിയ പദ്ധതിയാണെന്നും ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതിയാണെന്നും പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ലല്ലോ? 2014-ൽ കേന്ദ്രാനുമതികളെല്ലാം വാങ്ങിയാണ് 2015-ൽ ഈ പദ്ധതി തുടങ്ങിയത്. അതിനെക്കുറിച്ചല്ല ഞാൻ ഡിസ്പ്യൂട്ട് പറഞ്ഞത്. പദ്ധതി തുടങ്ങിക്കഴിഞ്ഞതിനുശേഷമാണ് പ്രശ്നം. പുലിമുട്ട് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞാൽ തീരശോഷണം ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നുള്ള പരാതി വന്നിരുന്നു. ആ പരാതിയെ അന്നത്തെ

ഗവൺമെന്റ് അഡ്രസ്സ് ചെയ്തു. തീരശോഷണം ഉണ്ടായി. 7860 വീടുകളിൽ 3000 വീടുകൾ തീരശോഷണത്തിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നുള്ള വിഷയം അഡ്രസ്സ് ചെയ്തിട്ടാണ് 471 കോടി രൂപയുടെ പാക്കേജുണ്ടാക്കി 350 കോടി രൂപ സ്ഥലം ഏറ്റെടുക്കാനും വീട് നിർമ്മാണത്തിനുമായി അന്ന് സ്പെഷ്യൽ പാക്കേജ്... ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞ നഷ്ടപരിഹാര പാക്കേജല്ല, പുനരധിവാസ പാക്കേജാണ്. രണ്ട് പാക്കേജുകളുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ കൊടുക്കുന്ന നഷ്ടപരിഹാര പാക്കേജും പുനരധിവാസ പാക്കേജും രണ്ടാണ്. പുനരധിവാസ പാക്കേജ് തുടങ്ങാൻ കാരണം പദ്ധതി തുടങ്ങിയാൽ തീരശോഷണമുണ്ടാകും എന്ന വിഷയത്തെ അഡ്രസ്സ് ചെയ്തുകൊണ്ടാണ്. തീരശോഷണമില്ലെന്ന് സർക്കാർ പറയുന്നു. പരിസ്ഥിതി മന്ത്രാലയവും ഒരു തീരശോഷണവും ഉണ്ടായിട്ടില്ലെന്ന് പറയുന്നു. തിരുവനന്തപുരം ജില്ലയെ അറിയാവുന്ന ആർക്കാണ് അത് മനസ്സിലാകാത്തത്. പുലിമുട്ട് നിർമ്മാണം നടക്കുന്നത് വിഴിഞ്ഞം തുറമുഖത്ത് മാത്രമല്ലല്ലോ; പിന്നെയുള്ളത് മുതലപ്പൊഴിയിലാണ്. അവിടെയുള്ളത് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ്. ശംഖുമുഖം അടക്കമുള്ള ബാക്കി പ്രദേശങ്ങളിൽ അതിന്റെ ഇംപാക്ടുണ്ടെന്നാണ് ഞാൻ

പറഞ്ഞത്. മൂന്നിലൊന്ന് പ്രവൃത്തി പൂർത്തിയായപ്പോൾ 600 മീറ്റർ കടൽത്തീരം നഷ്ടപ്പെട്ടു. വലിയതുറയിൽ മാത്രം 5 വരി വീട് അകത്തേയ്ക്ക് കയറി. അവിടെ വീട് നിന്ന സ്ഥലം ഇപ്പോൾ കടലാണ്. അതിന്റെ ഇംപാക്ടാണ്. അങ്ങനെ അതിന്റെ ഇംപാക്ട് ഉണ്ടാകുമ്പോൾ അതിലൂടെ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് സർക്കാർ കൊണ്ടുവന്ന ഒരു വികസന പദ്ധതി, ആ വികസന പദ്ധതികളുടെ ഇരകളായി പാവപ്പെട്ടവർ മാറുന്നു. അവരുടെ സംരക്ഷണ ചുമതല പൂർണ്ണമായി സർക്കാരിനാണെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. വേളി- പനത്തുറയിൽ 500 വീടുകൾ തകർന്നു. അപ്പോൾ തീരശോഷണമുണ്ടായാൽ, ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമലിലാണെന്ന് സർക്കാർ പറഞ്ഞിട്ടാണ് ഈ പാക്കേജ് കൊണ്ടുവരുന്നത്. സർക്കാർ ഈ പാക്കേജ് നടപ്പാക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ പരാതി. ആ പാക്കേജ് നടപ്പാക്കണമെന്നാണ് തിരുവനന്തപുരത്തെ അതിരൂപത സമരത്തിലൂടെ ആവശ്യപ്പെടുന്നത്. അതിൽ ഒരു കൺഫ്യൂഷന്റെയും ആവശ്യമില്ല. തുറമുഖത്തിന്റെ കപ്പൽ ചാൽ ഉൾപ്പെടെ 3 കിലോമീറ്റർ വരുന്ന തീരപ്രദേശത്ത് കടലിനെ ആശ്രയിച്ച് കഴിയുന്നവരെയാണ് പുനരധിവാസ

പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇപ്പോൾ തമിഴ്നാട് കുറച്ചുദൂരം പുലിമുട്ട് ഇട്ടിട്ടുള്ളത് ഞാൻ പോയി കണ്ടിട്ടുണ്ട്. തമിഴ്നാട്-കേരള അതിർത്തി കണ്ടുകഴിഞ്ഞാൽ അവിടെയുള്ള പുലിമുട്ടിന്റെ ഇംപാക്ടിന്റെ ഭാഗമായി കേരള അതിർത്തിയിലേയ്ക്ക് കടൽ കയറുകയാണെന്ന് മനസ്സിലാകും. പുലിമുട്ട് ഇട്ടിരിക്കുന്നതിനാൽ കടൽ അവിടെ തീരുകയാണ്. അവിടത്തെ പ്രഷർ കൂടി പുലിമുട്ട് ഇല്ലാത്ത സ്ഥലത്തേയ്ക്ക് വരുന്നു. ഇതേ പ്രശ്നമാണ് ഇവിടെയുള്ളത്. വിഴിഞ്ഞം തുറമുഖത്ത് 1800 മീറ്റർ പുലിമുട്ട് നിർമ്മിച്ചുകഴിഞ്ഞപ്പോൾ പുലിമുട്ട് ഇല്ലാത്ത സ്ഥലത്തേയ്ക്ക് അതിന്റെ ഇംപാക്ട് ഉണ്ടായി. തീരശോഷണം സംബന്ധിച്ച് പഠനം നടത്തുന്ന ആർക്കും അത് മനസ്സിലാകുന്ന കാര്യമാണ്. ഇപ്പോൾ ധാരാളം പഠനങ്ങൾ വന്നിട്ടുണ്ട്. ഗവൺമെന്റ് വളരെ ജനുവിനായിട്ടുള്ള/ഇൻഡിപെൻഡന്റായിട്ടുള്ള ഒരു ഏജൻസിയെക്കൊണ്ട് വിഴിഞ്ഞം തുറമുഖനിർമ്മാണം കാരണമുണ്ടാകുന്ന തീരശോഷണത്തെക്കുറിച്ച് പഠിച്ച് പരിഹാരം കാണണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. നഷ്ടപരിഹാരവും പുനരധിവാസവും മാത്രമല്ല, തിരുവനന്തപുരത്തെ തീരപ്രദേശം മുഴുവൻ കടലെടുത്ത് പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. അപകടകരമായ രീതിയിലാണ് തീരശോഷണം നടക്കുന്നത്. ഈ

വിഷയമാണ് ഞങ്ങൾ മുന്നോട്ടുവച്ചത്. തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന ഈ വിഷയത്തിന് ശാശ്വതമായ പരിഹാരമുണ്ടാകണം. അതുപോലെ മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ ഭവനം നഷ്ടപ്പെട്ടുകിടക്കുന്ന വലിയതുറയിൽ.. നമ്മൾ ഇങ്ങനെയൊക്കെ പറയുമ്പോൾ, നമ്മളൊക്കെ ജനപ്രതിനിധികളല്ലേ? അവിടെ പോയി കണ്ടിട്ട് സഹിക്കാൻ വയ്യാതെയാണ് ഞാൻ കൈക്കൂപ്പി പറഞ്ഞത്, എങ്ങനെയെങ്കിലും അവർക്ക് വീട് വച്ച് കൊടുക്കുന്നതുവരെ നിങ്ങൾ അവരെ വാടകവീട്ടിലേയ്ക്കെങ്കിലും താമസിപ്പിക്കണമെന്ന്. അത് സഹിക്കാൻ കഴിയില്ല. മനുഷ്യരെ ഇങ്ങനെ കിടത്തരുത്. അത്രമാത്രം സഹിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിലാണ് അവർ ജീവിക്കുന്നത്. നിങ്ങൾ ഞാൻ പറയുന്നതിനെ വേറൊരു അർത്ഥത്തിൽ എടുക്കരുത്. ഒരു ഗവൺമെന്റ് ഉള്ളതുകൊണ്ട് ഗവൺമെന്റിനോടല്ലേ നമുക്ക് പറയാൻ കഴിയൂ? നമുക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് സർക്കാർ അത് ചെയ്യണം. അതുകൊണ്ട് അടിയന്തരമായി അവർക്കൊരു വാടക വീട് എടുത്തുകൊടുത്ത് അവരെ മാറ്റണം. എന്നിട്ട് നിങ്ങൾ സ്ഥലം ഏറ്റെടുക്കുകയോ ഫ്ലാറ്റ് നിർമ്മാണം നടത്തുകയോ എന്തുവേണമെങ്കിലും ചെയ്യൂ. വളരെ ദയനീയമായ ഒരു സാഹചര്യത്തിലാണ്

അവർ ജീവിക്കുന്നത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീടിനും സ്ഥലത്തിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കണം. കാറ്റെടുത്തും കടലെടുത്തും നഷ്ടപ്പെട്ടുപോയ വീടുകളിൽ താമസിച്ചിരുന്നവർ എവിടേയ്ക്ക് പോകും? പ്രളയത്തിൽ വെള്ളം കയറിയാൽ അത് വൃത്തിയാക്കാം അല്ലെങ്കിൽ അവിടെ കൂര കുത്തിക്കൂട്ടാം. വീടിരുന്ന സ്ഥലത്ത് കടൽ കയറിയാൽ പാവങ്ങൾ എങ്ങോട്ട് പോകും? വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്.

ഇവിടെ മണ്ണെണ്ണയുടെ വിഷയം പറഞ്ഞു. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് ഒന്നാം പ്രതിയെന്നകാര്യത്തിൽ ഒരു സംശയവുമില്ല. യാനങ്ങൾക്കുപയോഗിക്കുന്ന മണ്ണെണ്ണയുടെയും ഡീസലിന്റെയും സബ്സിഡി ഗണ്യമായി കുറച്ചു. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഡീസൽ സബ്സിഡി കുറച്ചു. അവർ സബ്സിഡി കുറയ്ക്കുന്നതിന്റെ മുഴുവൻ ആഘാതവും മത്സ്യത്തൊഴിലാളികൾക്കാണ് വരുന്നത്. സംസ്ഥാന സർക്കാരിന് എല്ലാം താങ്ങാൻ സാധിക്കുകയില്ലെങ്കിലും സബ്സിഡി

വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 46 രൂപ ഉണ്ടായിരുന്ന സമയത്താണ് യു.ഡി.എഫ് സർക്കാർ 25 രൂപ സബ്സിഡി നൽകിയത്. ആ സബ്സിഡി ഇപ്പോഴും തുടരുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞു. പക്ഷെ ഇപ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 116 രൂപയാണ്. അപ്പോൾ സബ്സിഡി വർദ്ധിപ്പിക്കണ്ടേ? തമിഴ്നാട്ടിൽ 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുന്നു. 116 രൂപയിൽ 25 രൂപ കഴിച്ചുള്ള ബാക്കി തുക മുഴുവൻ തമിഴ്നാട് സംസ്ഥാന സർക്കാർ നൽകുകയാണ്. അത്രയും നൽകാൻ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കില്ലെങ്കിലും സബ്സിഡി തുക വർദ്ധിപ്പിക്കണം.

മറൈൻ ആംബുലൻസിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞു. അപകടത്തിൽപ്പെടുമ്പോൾ ആളെ രക്ഷിക്കാൻ അത് ഇറക്കാൻ സാധിക്കുമോയെന്ന് ഞാൻ അവരോട് ചോദിക്കുകയാണ്. അതിന് രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്ന്, വാങ്ങി വച്ചിരിക്കുന്ന സാധനം കടലിലേയ്ക്ക് ഇറക്കുകയില്ല. രണ്ട്, അത് ഓടിക്കാൻ ആളില്ല. മറൈൻ ആംബുലൻസ്

ഓടിക്കാൻ ആളില്ലെന്ന് ഞാൻ സഭയിൽ പറഞ്ഞതാണ്. മൂന്ന് മറൈൻ ആംബുലൻസ് വാങ്ങിയത് ഞങ്ങൾ ഇത് വാങ്ങിയെന്ന് പറയാനാണോ; ആർക്കൈവ്സിൽ വയ്ക്കാനുള്ള സാധനമാണോ മറൈൻ ആംബുലൻസ്? ഒരു ഉപയോഗവുമില്ലാതെ കിടക്കുകയാണ്. ആളുകൾ മരിക്കുകയാണ്. മുതലപ്പൊഴിയിൽ 60 പേരാണ് മരിച്ചത്. ഈയടുത്തകാലത്ത് രണ്ടുപേർ മരിച്ചു. അപകട മേഖലയുള്ള സ്ഥലമാണത്. പിതാവ് മരിച്ച് മൂന്നാം നാൾ മകനും കടലിലേയ്ക്ക് പോകുകയാണ്. അവർക്ക് കടലിൽ പോകുകയെന്നല്ലാതെ വേറെ വഴിയില്ല. ഞങ്ങൾ മുതലപ്പൊഴിയിലെ വിഷയം കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കുറച്ച് പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

പണ്ട് മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി പ്രത്യേകമായിരുന്നു. ലൈഫ് പദ്ധതി കൊണ്ടുവന്നപ്പോൾ നിങ്ങൾ ഇതെല്ലാംകൂടി ഇന്റഗ്രേറ്റ് ചെയ്തു. രണ്ടുവർഷമായി ഒരു വീടെങ്കിലും നിർമ്മിച്ചിട്ടുണ്ടോ? ശ്രീ. കെ. ബാബു, ഫിഷറീസ്

വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതിയിൽ 400 വീടുകൾ വച്ചു. അപേക്ഷിച്ച എല്ലാവർക്കും വീട് വച്ചുകൊടുത്തു. ഇപ്പോൾ ലൈഫ് പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ നിർമ്മാണം നടക്കുന്നില്ല. ഇതിനെല്ലാം നിരവധി നിബന്ധനകളും പ്രശ്നങ്ങളും നമുക്കുണ്ട്. ഇന്ന് കേരളത്തിലെ ഏറ്റവും പരിതാപകരമായ ജീവിതാവസ്ഥയുള്ള ഒരു സമൂഹമായി മത്സ്യത്തൊഴിലാളികൾ മാറിയിരിക്കുകയാണ്. ഒരുപക്ഷെ ആദിവാസികളോടൊപ്പമോ അല്ലെങ്കിൽ അവരെക്കാൾ പരിതാപകരമായ സ്ഥിതിയോ ആണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുള്ളത്. കാലാവസ്ഥാ വ്യതിയാനംമൂലവും തീരശോഷണംമൂലവും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ് നൽകാറുണ്ടല്ലോ? കടൽക്ഷോഭമുണ്ടായാലും മഴ പെയ്താലും ഇല്ലെങ്കിലും മുന്നറിയിപ്പ് നൽകുകയാണ്. വർഷത്തിൽ ആകെ 200 ദിവസമാണ് അവർ കടലിൽ പോയിരുന്നത്. ഇപ്പോൾ അവർക്ക് 100 ദിവസം പോലും കടലിൽ

പോകാൻ സാധിക്കുന്നില്ല. വട്ടിപ്പലിശയ്ക്ക് പണം കടമെടുത്ത് വാങ്ങുന്ന മണ്ണെണ്ണയുമായാണ് അവർ കടലിൽ പോകുന്നത്. ഇവർക്ക് നല്ല ക്യാച്ച് കിട്ടിയില്ലെങ്കിൽ തിരിച്ചു വരുമ്പോൾ വട്ടിപ്പലിശക്കാരന്റെ പിടിയിലാകും. മണ്ണെണ്ണയുടെയും കിടപ്പാടങ്ങളുടെ നഷ്ടവും തൊഴിൽ നഷ്ടവും മത്സ്യലഭ്യതയുടെ കുറവും മറ്റ് നിരവധി പ്രശ്നങ്ങളുംകാരണം ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ ജീവിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും ഒരു പദ്ധതിയും നടപ്പാക്കിയില്ല. ഓഖി പാക്കേജുപോലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഓഖി വന്നിട്ട് എത്ര നാളായി? തിരുവനന്തപുരം അതിരൂപത നടത്തുന്ന സമരത്തിന് നേതൃത്വം നൽകുന്നവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് സംസാരിക്കണം. സർക്കാരിനെ അട്ടിമറിക്കാനുള്ള സമരമാണോ അവർ നടത്തുന്നത്; അല്ലല്ലോ? അവർ പ്രതിനിധാനം ചെയ്യുന്ന മേഖലകളിലെ ആളുകളുടെ സങ്കടങ്ങൾ പരിഹരിക്കാൻവേണ്ടി നടത്തുന്ന സമരമാണ്.

തീരപ്രദേശത്തുള്ളവർ വൈകാരികമായി പ്രതികരിക്കുന്നവരാണ്. അവരുടെ സമരത്തിന്റെ രീതി മാറും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്ത് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ അഭിപ്രായം. സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താൻവേണ്ടിയല്ല ഞങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുന്നത്. പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ കൊണ്ടുവന്ന് അത് ഞങ്ങളുടേതായ രീതിയിൽ അവതരിപ്പിക്കും. നിങ്ങൾ പറയുന്നതുപോലെ ഞങ്ങൾക്ക് അവതരിപ്പിക്കാൻ സാധിക്കുമോ? ഞങ്ങളുടേതായ രീതിയിൽ അവതരിപ്പിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്യുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മുഴുവൻ നിങ്ങൾക്ക് എതിരാക്കണമെന്നല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷെ പ്രതികൂലമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുവരെ ചെയ്ത കാര്യങ്ങളിൽ വീരവാദം മുഴക്കുകയാണ്, ഇതുമായി യാതൊരു ബന്ധവുമില്ലാത്ത കുറച്ച് കാര്യങ്ങൾ പറയുകയാണ്

സർക്കാർ ചെയ്തത്. ഈ ജില്ലയിൽ നിന്നുള്ള, ആ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിപോലും അവിടെ ഒരു പ്രശ്നവുമില്ലെന്നാണ് പറയുന്നത്. അത് ശരിയല്ല. സർക്കാരിന്റെ നിഷേധാത്മകമായ മറുപടിയിലും നടപടികൾ സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, തുറമുഖം വരുന്ന സന്ദർഭത്തിൽത്തന്നെ ഇത്തരം പ്രശ്നങ്ങൾ ഉയർന്നു വന്നതാണ്. ഈ തുറമുഖനിർമ്മാണം വന്നുകഴിഞ്ഞാൽ തീരപ്രദേശത്ത് ഇംപാക്ട് ഉണ്ടാകുമെന്ന് അഡ്മിറ്റ് ചെയ്തുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഒരു ധാരണയിൽ എത്തിയത്. ഇംപാക്ട് ഉണ്ടാകില്ലെന്ന് പറയുന്നത് ഒരിക്കലും ശരിയല്ല. ഇംപാക്ട് ഉണ്ടാകും. ഇംപാക്ട് ഉണ്ടാകുമ്പോഴുള്ള പാക്കേജാണ് ഈ കരാറിൽ പറഞ്ഞിട്ടുള്ളത്. അതിന്റെ രേഖയുണ്ട്,

നമുക്ക് വായിക്കാൻ സാധിക്കും. പോർട്ട് നിർമ്മിച്ച കഴിഞ്ഞപ്പോൾ അതിന്റെ ഇംപാക്ടായി തീരശോഷണവും വീടുകൾ കടലെടുക്കുകയും മറ്റു പ്രശ്നങ്ങൾ വരികയും ചെയ്യുന്നു. അതാണ് സമരക്കാർ ഉന്നയിക്കുന്ന പ്രശ്നവും. കഴിഞ്ഞ കാലങ്ങളിൽ നടന്നതോ അല്ലാത്ത പ്രശ്നങ്ങളോ ഒന്നുമല്ല അവർ ഉന്നയിക്കുന്നത്. പോർട്ട് നിർമ്മാണത്തിനോടനുബന്ധിച്ച് ഇംപാക്ട് ഉണ്ടാകുമ്പോൾ അതിനോട് മുഖംതിരിക്കുന്നത് ശരിയല്ല. മത്സ്യത്തൊഴിലാളികളുടെ പ്രശ്നവും വീട് നഷ്ടപ്പെട്ടതും തീരശോഷണവുമൊക്കെ ശംഖുമുഖത്തുകൂടി പോയാൽ നഗ്ന നേത്രങ്ങൾകൊണ്ട് കാണാവുന്നതേയുള്ളൂ. അത് അഡ്രസ്സ് ചെയ്യുകയാണ് വേണ്ടത്. അതിനുപകരം ബഹുമാനപ്പെട്ട മന്ത്രിമാർ മത്സ്യത്തൊഴിലാളികൾക്ക് കാലാകാലങ്ങളായി നൽകുന്ന ആനുകൂല്യങ്ങളുടെ ലിസ്റ്റ് വായിച്ചതുകൊണ്ട് കാര്യമില്ല. അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലോ അല്ലെങ്കിൽ ആ നിലയിലോ പരിഗണന

കൊടുത്ത് ചർച്ച നടത്തി ആ വിഷയം പരിഹരിക്കണം. അത്തരമൊരു സമീപനമില്ലാത്തതുകൊണ്ടും ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ടും ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിൽ വലിയ പരാജയമാണ് ഉണ്ടായിട്ടുള്ളത്. തീരശോഷണം ഒരു യാഥാർത്ഥ്യമാണെന്ന് കാണേണ്ടിയിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, തീരശോഷണമുണ്ടാകുന്നത്

ആഗോള പ്രതിഭാസത്തിന്റെ ഭാഗമാണെന്ന സർക്കാർ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി ഏകദേശം 1800 മീറ്ററോളം പുലിമുട്ട് നിർമ്മാണത്തിനുശേഷം ഉണ്ടായിരിക്കുന്ന ഇംപാക്ടുകൾ സംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്താൻ തയ്യാറാകണം. അക്കാര്യത്തെ തുറന്ന സമീപനത്തോടെ ഗവൺമെന്റ് നോക്കി കാണണം. അതോടൊപ്പം മത്സ്യത്തൊഴിലാളികളും തീരദേശവും നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ച്, അവരുടെ പുനരധിവാസം, തൊഴിൽ നഷ്ടം അടക്കമുള്ള കാര്യങ്ങളിൽ ശാശ്വതമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തിരുവനന്തപുരം അതിരൂപത നടത്തുന്ന സമരത്തിന് നേതൃത്വം നൽകുന്നവരുമായി ചർച്ച നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന സമരത്തിന് ആധാരമായ വിഷയമുൾപ്പെടെ, കഴിഞ്ഞ സഭയിൽ വളരെ വിശദമായി ഞാൻ ഉന്നയിച്ചിരുന്നു. തീരം നഷ്ടപ്പെടുന്ന ആളുകളെയും അവർ നേരിടുന്ന വിഷയങ്ങളെപ്പറ്റിയും വിശദമായ പഠനം നടത്തി അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ അടിയന്തരമായി കണ്ടെത്തേണ്ടതാണ്. അതുപോലെ തുറമുഖമുൾപ്പെടെയുള്ളവയുടെ നിർമ്മാണ സമയത്ത് കര വയ്ക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ഈ മത്സ്യത്തൊഴിലാളികൾക്കുതന്നെ ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകണം. മറ്റൊരുകാര്യം, മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് സമയബന്ധിതമായിത്തന്നെ നടപ്പാക്കാൻ കഴിയണം. മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റുകൾ അനുവദിക്കുന്നതിനോട് അവർക്ക് യോജിപ്പില്ല, അവർക്ക് നഷ്ടപ്പെടുന്ന വീടിനും ഭൂമിക്കും പകരം രണ്ടുസെന്റ് ഭൂമിയെങ്കിലും അനുവദിച്ച് അതിൽ അവർക്കൊരു വീട് നിർമ്മിച്ചുനൽകുന്ന, പരിഹാരമാർഗ്ഗമാണ് അവർ ആഗ്രഹിക്കുന്നത്. കാരണം അവരുടെ ഉപജീവനമാർഗ്ഗമെന്ന് പറയുന്നത് കടലുമായി ബന്ധപ്പെട്ടുള്ളതാണ്, ഫ്ലാറ്റ് ജീവിതം അവർ ആഗ്രഹിക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷയങ്ങൾ വളരെ വിശദമായി പഠിക്കുകയും ചർച്ച ചെയ്യുകയും അടിയന്തരമായി അവ പരിഹരിക്കുന്നതിനുള്ള നടപടികളാണ് ആവശ്യം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഈ വിഷയത്തിൽ, തീരദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളോ മന്ത്രിമാരോ ഇടപെടുന്നില്ലെന്ന് ആരോപിച്ചിരുന്നു, അത് ശുദ്ധ അസംബന്ധവും അടിസ്ഥാനരഹിതവുമാണ്. ഇവർ മുതലക്കണ്ണീരൊഴുക്കുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിശദീകരിച്ചതുപോലെ, അവിടെയുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഗോഡൗണിൽ കൊണ്ടുപോയി കിടത്തിയത് യു.ഡി.എഫ് സർക്കാരിന്റെ ഭരണ കാലത്തായിരുന്നു. അവരെ

പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽവന്നതിനുശേഷമാണ്. അതിനുള്ള നടപടികളാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഈ സമരം തുടങ്ങിയതിനുശേഷം മാത്രമാണ് ഈ ഗവൺമെന്റ് അറിഞ്ഞതെന്നാണ് ഇവിടെ പറഞ്ഞത്. സമരം തുടങ്ങിയത് ഓഗസ്റ്റ് മാസം 20-ാം തീയതിയായിരുന്നു. ജൂൺ മാസം 2-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറ് മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്താണ് പുനരധിവാസത്തിനുള്ള സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചത്. മുട്ടത്തറയിലുള്ള സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചത് 02.06-2022-ൽ ആണ്. അതിനുള്ള മിനിറ്റ്സും രേഖകളുമുണ്ട്, അതെല്ലാം ഹാജരാക്കാം. ഈ പദ്ധതി ജനങ്ങൾക്ക് ഒരു കുഴപ്പവുമുണ്ടാകില്ലെന്ന റിപ്പോർട്ട് എഴുതി വച്ച്, ജനങ്ങളെ പറ്റിച്ച്, യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് തുടങ്ങിയതുകൊണ്ടാണ് പ്രതിപക്ഷ നേതാവ് അവിടെ ചെന്നപ്പോൾ സമരക്കാർ അദ്ദേഹത്തിനെ വിരട്ടിയോടിച്ചത്. ഈ ഗവൺമെന്റിലുള്ള ആരേയും സമരക്കാർ ഓടിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച

കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി തുടങ്ങിയിരിക്കുകയാണ്. അതിന്റെ ഭാഗമായി അവർക്ക് താമസിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമായ ചില പ്രസ്താവനകൾ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായി. അതെല്ലാം സത്യവിരുദ്ധവും വസ്തുതകൾക്ക് നിരക്കാത്തതും പച്ചക്കള്ളവുമാണ്. അതുകൊണ്ട് അത്തരം പരാമർശങ്ങൾ സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല. ഈ സമരം തുടങ്ങുന്നതിന് മുമ്പും സമരം തുടങ്ങിയതിനുശേഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം നിരവധി മന്ത്രിമാർ, ഒന്നല്ല അര ഡസനിലധികം മന്ത്രിമാർ കഴിഞ്ഞ എത്രയോ ദിവസങ്ങളായി ഈ പ്രശ്നം പരിഹരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള ചർച്ചയിലാണ്. അതുകൊണ്ട് ഈ മുതലക്കണ്ണുനീരൊഴുക്കി പച്ചക്കള്ളം പറഞ്ഞത് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.*

* സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.